# താമരമൊട്ടുകൾ

വാല്യം 22 | നവംബർ 2020 | ലക്കം 11 | Price ₹25

"The souls of the righteous are in the
hand of God, and no torment shall
touch them..... they are in peace"



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 06-11-2020 |



Our Lord JESUS CHRIST, KING of the Universe

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

വാല്യം 22 താമരമൊട്ടുകൾ നവംബർ 2020 ലക്കം 11

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്പ. 16:31)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 533 |
| 2. | പ്രോഗ്രാം നവംബർ 2020 | 534 |
| 3. | സർക്കുലർ | 535 |
| 4. | കച്ചേരിക്കാര്യം | 542 |
| 5. | ആദരാഞ്ജലികൾ | 543 |
| 6. | മതബോധനം | 546 |
| 7. | ചെറുപുഷ്പ മിഷൻലീഗ് | 547 |
| 8. | തിരുബാലസഖ്യം | 551 |
| 9. | കെ.സി.വൈ.എം | 552 |
| 10. | ലിറ്റർജി കമ്മീഷൻ | 559 |
| 11. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 560 |
| 12. | ഇൻഫാം | 560 |
| 13. | മദ്യവിരുദ്ധ സമിതി | 561 |
| 14. | മാതൃവേദി | 562 |
| 15. | കുടുംബകൂട്ടായ്മ | 564 |
| 16. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 566 |
| 17. | കരിസ്മാറ്റിക് മൂവ്മെന്റ് | 567 |
| 18. | നവസന്യാസിനികൾക്ക് സ്വാഗതം | 568 |
| 19. | എ.കെ.സി.സി | 569 |
| 20. | അൽഫോൻസ കോളേജ് | 571 |
| 21. | CAMP | 572 |
| 22. | പോപ്പ് ജോൺ പോൺ II ഇൻസ്റ്റിറ്റ്യൂട്ട് | 573 |
| 23. | സ്റ്റാർട്ട് | 574 |
| 24. | മലബാർ ലേബർ മൂവ്മെന്റ് | 575 |
| 25. | വികസനവേദി | 576 |
| 26. | അജപാലനക്കുറിപ്പുകൾ | 578 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Kalapurackal Thomas | November | 4 |
| Muringayil Sebastian | | 4 |
| Thevadiyil Thomas | | 8 |
| Vallikunnel James | | 8 |
| Nelliany Pius MSFS | | 10 |
| Embrayil Sebastian (Sr.) | | 11 |
| Panamattamparambil Sebastian | | 12 |
| Poovathinkal Paul | | 12 |
| Koramkottu Mathew | | 14 |
| Puthenveettil Kurakose | | 15 |
| Pulimoottil Mathew (Sr.) | | 17 |
| Joseph Thomas OFM | | 19 |
| Kalariparambil John | | 20 |
| Chundayil Joseph | | 20 |
| Kavalakatt Sebastian | | 21 |
| Poriath Thomas | | 22 |
| Kavil Rony Paul | | 28 |

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Mangarayil Scaria | November | 5 |
| Nedumala Zacharias | | 5 |
| Ponganpara Cheriyan | | 5 |
| Thundathil Scaria | | 5 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം നവംബർ 2020

| | | |
|---|---|---|
| 01 | ഞായർ | **സകല വിശുദ്ധരുടെയും തിരുന്നാൾ** |
| 02 | തിങ്കൾ | **സകല മരിച്ചവരുടെയും ഓർമ്മ** |
| 08 | ഞായർ | മതാധ്യാപകദിനം |
| 10 | ചൊവ്വ | മരിച്ചുപോയ വൈദികരുടെ ഓർമ്മദിനം |
| 11 | ബുധൻ | ചരമദിനം: ഫാ. ഫിലിപ്പ് കണക്കഞ്ചേരി (2004) |
| 22 | ഞായർ | **മിശിഹായുടെ രാജത്വത്തിരുന്നാൾ** |
| 26 | വ്യാഴം | ചരമദിനം: ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (2011) |



Ref: 3384/K-5/KCBC/OL/DS 29.10.2020

# ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കു ലഭിക്കേണ്ട നീതിയെ സംബന്ധിച്ച് കെസിബിസി അല്മായ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായുടെ ഫ്രത്തെല്ലി തൂത്തി (Fratelli Tutti) എന്ന ചാക്രികലേഖനം വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സാഹോദര്യ ചിന്തയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് എഴുതപ്പെട്ടതാണ്. പ്രപഞ്ചത്തെ മുഴുവനും ക്രിസ്തുവിന്റെ സാഹോദര്യത്തിൽ വീക്ഷിക്കുന്ന വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ആധുനിക ലോകത്തെ നിദർശനം ചെയ്യുകയാണ് പരിശുദ്ധ പാപ്പാ. "സാമൂഹിക സഹാനുഭൂതി നമ്മളെ, എല്ലാവരുടെയും നന്മയെ സ്നേഹിക്കാൻ മാർഗമുണ്ടാക്കുന്നു. എല്ലാ മനുഷ്യരുടെയും നന്മയെ ഫലപ്രദമായി അന്വേഷിക്കാൻ, സ്വകാര്യ വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല, അവരെ ഐക്യപ്പെടുത്തുന്ന സാമൂഹിക മാനങ്ങളെ പരിഗണിച്ചുകൊണ്ടു കൂടി അത് സഹായിക്കുന്നു" (ഫ്രത്തെല്ലി തൂത്തി, 182) എന്ന് പാപ്പാ പ്രസ്താവിക്കുന്നു. രാഷ്ട്രനിർമ്മിതിയിൽ ക്രൈസ്തവർ ഒന്നുചേർന്ന് പ്രവർത്തിച്ചതും ഗണ്യമായ സംഭാവനകൾ നല്കിയിട്ടുള്ളതും ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത പാരമ്പര്യത്തിന്റെ ചുവടുപിടിച്ചാണ് ഭാരതത്തിൽ ന്യൂനപക്ഷമായിരിക്കുന്ന ക്രൈസ്തവ സമുദായങ്ങൾ പ്രവർത്തിക്കുന്നത്. ഭാരത ഭരണഘടന മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സുരക്ഷ വിഭാവനം ചെയ്തിട്ടുണ്ട്. ഇവിടെ ക്രൈസ്തവർ ന്യൂനപക്ഷമായി പരിഗണിക്കപ്പെടുന്നുമുണ്ട്. എന്നാൽ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ പങ്കുവയ്ക്കപ്പെടുമ്പോൾ അർഹമായവിധം നീതിനിർവഹിക്കപ്പെടുന്നുണ്ടെന്ന് ക്രൈസ്തവർക്കും പൊതുസമൂഹത്തിനും ബോധ്യം വരേണ്ടതുണ്ട്.

ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നല്കിയിരിക്കുന്ന സംരക്ഷണങ്ങളെ സർക്കാർ തലത്തിൽ നിർവഹിക്കപ്പെടുന്നതിനുള്ള സംവിധാനമാണ് ന്യൂനപക്ഷ ക്ഷേമവകുപ്പ്. 2006 ജനുവരി 29-നാണ് ന്യൂനപക്ഷക്ഷേമവകുപ്പു നിലവിൽ വന്നത്. വിദ്യാഭ്യാസ ശക്തീകരണം, അടിസ്ഥാന സൗകര്യവികസനം, സാമ്പത്തിക ശക്തീകരണം പ്രത്യേക ആവശ്യങ്ങളുടെ പൂർത്തീകരണം, ന്യൂനപക്ഷസ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ വികസന ക്ഷേമപദ്ധതികൾ വഴി ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ന്യൂനപക്ഷങ്ങളെ ഉദ്ധരിക്കുവാനാണ് സർക്കാർ ഉദ്യമിക്കുന്നത്. 2005 ഫെബ്രുവരിയിൽ പാർലമെന്റിൽ അവതരിപ്പിച്ച പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷക്ഷേമപദ്ധതികൾ ആഗസ്റ്റ്

15-ന് പ്രഖ്യാപിക്കുകയുണ്ടായി. 2006 ജൂണിൽ അതിൽ ഭേദഗതികൾ വരുത്തി. പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ ആദ്യ അഞ്ച് കാര്യങ്ങൾ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ അവസരങ്ങളുടെ വർധനവിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ആറുമുതൽ പത്തുവരെയുള്ള നമ്പറുകളിൽ പ്രതിപാദിക്കുന്നത് സാമ്പത്തിക തൊഴിൽമേഖലയിലെ തുല്യപങ്കാളിത്തത്തെക്കുറിച്ചാണ്. പതിനൊന്നും പന്ത്രണ്ടും നമ്പറുകൾ ന്യൂനപക്ഷങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതു സംബന്ധിച്ചും പതിമൂന്നു മുതൽ പതിനഞ്ചുവരെയുള്ളവ സമുദായിക ലഹള തടയുന്നതു സംബന്ധിച്ചും പ്രതിപാദിക്കുന്നു.

ന്യൂനപക്ഷവിഭാഗങ്ങളെ സഹായിക്കുന്നതിനും അവരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും വേണ്ടി കേന്ദ്രസർക്കാർ വിവിധ കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി 1992-ൽ കേന്ദ്രസർക്കാർ നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റീസ് ആക്ട് പാസാക്കി. 1992 മെയ് 17-ന് ഈ ആക്ട് നിലവിൽ വന്നു. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരമായ വളർച്ച, അവർക്കായുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അവർക്കർഹമായ രാഷ്ട്രീയ പ്രാധാന്യമുറപ്പിക്കൽ, അവരുടെ സാമൂഹിക സാമ്പത്തിക വികസനം ആവശ്യമായ സുരക്ഷിതത്വം ഉറപ്പാക്കൽ എന്നിവയാണ് ഈ ആക്ടിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ആക്ട് പ്രകാരമാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നത്. കേന്ദ്രന്യൂനപക്ഷ മന്ത്രാലയത്തിനുകീഴിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൂടാതെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള ദേശീയ കമ്മീഷനും, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കമ്മീഷനും പ്രവർത്തിക്കുന്നു. സംസ്ഥാന ന്യൂനപക്ഷ മന്ത്രാലയത്തിനു കീഴിലാകട്ടെ, സംസ്ഥാന ന്യൂനപക്ഷകമ്മീഷനും സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യകമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ദേശീയ കമ്മീഷൻ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന വിഷയങ്ങളിൽ ഇടപെടുന്നതിനും ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശം നിഷേധിക്കപ്പെടാതിരിക്കാനും ഭരണഘടനവഴിയും നിയമനിർമ്മാണം വഴിയും ലഭിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിനും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നല്കുന്നതിനും വേണ്ടിയുള്ളതാണ്.

1994-ൽ രൂപീകരിച്ച ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനാകട്ടെ, ന്യൂനപക്ഷങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതി ഉറപ്പു വരുത്തുന്നതിനും വേണ്ടിയുള്ളതാണ്.

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ 2013-ലാണ് രൂപീകരിക്കപ്പെട്ടത്. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നല്കുന്ന ഫണ്ട് ഉപയോഗിച്ച് കുറഞ്ഞ പലിശ നിരക്കിൽ ന്യൂനപക്ഷങ്ങൾക്ക് സാമ്പത്തിക വായ്പാ സഹായം നല്കുകയാണ് ഇതിന്റെ ലക്ഷ്യം.

കേന്ദ്ര ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിലുണ്ടായിരുന്ന ന്യൂനപക്ഷങ്ങൾക്കുള്ള മൾട്ടിസെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം ഇപ്പോൾ പ്രധാനമന്ത്രി 'ജൻവികാസ് കാര്യക്രം' എന്ന പേരിലാണ് അറിയപ്പെടുന്നത്. ജില്ലാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ജില്ലയുടെയും കളക്ടർ ചെയർമാനും, ഡെപ്യൂട്ടി കളക്ടർ (ജനറൽ) കൺവീനറും ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, പോലീസ് മേധാവി, ത്രിതലപഞ്ചായത്ത് പ്രതിനിധികൾ എന്നിവർ കൂടാതെ ന്യൂനപക്ഷ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് മൂന്നുപേരും ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ഓരോ ജില്ലയിലെയും മതസംഖ്യാനുപാതമായിരിക്കുമെന്നും പറയുന്നു.

ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതുവരെയും ഗൗരവമായി പഠിച്ചിട്ടില്ല. അതുകൊണ്ടുതന്നെ, ഭാരതത്തിൽ പൊതുവേ പിന്നോക്കാവസ്ഥയിൽ കഴിയുന്ന ക്രൈസ്തവരുടെ ന്യായമായ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയുന്നില്ലാ എന്നത് വ്യക്തമാണ്. കേരളത്തിലെ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികം, സാമൂഹ്യം, സാംസ്കാരികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ പ്രശ്നം പഠിക്കാൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പരിശ്രമം നടത്തിയിട്ടുള്ളതും അപ്രകാരമുള്ള പഠനം തുടർന്നുവരുന്നതുമാണെന്ന് മനസ്സിലാക്കുന്നു. ക്രൈസ്തവരായ ന്യൂനപക്ഷ ദുർബല വിഭാഗങ്ങളിൽപ്പെട്ട പിന്നോക്കക്കാരുടെയും ബി.പി.എൽ.കാരുടെയും പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ നടത്തിയ ശ്രമങ്ങളെ ശ്ലാഘിക്കുന്നു. എന്നാൽ ക്രൈസ്തവ പിന്നോക്കാവസ്ഥയെപ്പറ്റി അതിവിശദമായ പഠനറിപ്പോർട്ട് സർക്കാരിന് നല്കാൻ ന്യൂനപക്ഷ കമ്മീഷന് ഇതുവരെ സാധിച്ചിട്ടില്ല.

കേരളത്തിൽ കാർഷികമേഖലയിലും മത്സ്യബന്ധനമേഖലയിലും നിർമ്മാണമേഖലയിലും മറ്റു തൊഴിലിടങ്ങളിലും ഉപജീവനം കണ്ടെത്തി മുന്നോട്ടുപോകുന്നവരാണ് ക്രൈസ്തവർ. കേരള ക്രൈസ്തവരിൽ നല്ലൊരു വിഭാഗം ദളിത് വിഭാഗത്തിൽപ്പെട്ടവരുമാണ്. ഓരോ വിഭാഗത്തിലെയും ആളുകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ വ്യത്യസ്തമാണ്. അവ ഓരോന്നിനെയും കുറിച്ചും ഗൗരവമായ പഠനം ആവശ്യമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ആദ്യ കാനേഷുമാരി കണക്കുപ്രകാരം കേരളത്തിൽ 26 ശതമാനം ഉണ്ടായിരുന്ന ക്രൈസ്തവർ 2011-ലെ കാനേഷുമാരി കണക്കുപ്രകാരം 18.4 ശതമാനമായി കുറഞ്ഞിരിക്കുന്നു. വികസനത്തിന്റെ മേഖലകളിലെല്ലാം അവഗണിക്കപ്പെടുന്നതും, ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാഹായകരമായ ഘടകങ്ങളിൽ പരിരക്ഷ ഉറപ്പാക്കപ്പെടാത്തതും ഈ ജനസംഖ്യ പരമായ കുറവിനു കാരണമായിത്തീരുന്നു. ജനസംഖ്യയും വളർച്ചാനിരക്കും കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിനല്ലേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ക്ഷേമപദ്ധതികളിലൂടെ സംരക്ഷണം നല്കേണ്ടത്?

സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ പിന്നോക്കം നില്ക്കുന്ന ദളിത് ക്രൈസ്തവർ ഉൾപ്പടെയുള്ള പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ക്രൈസ്തവ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സഹായകമാകുന്ന ഏതാനും കാര്യങ്ങൾ ഇവിടെ ഉന്നയിക്കട്ടെ.

1. രാജ്യത്തെ ക്രൈസ്തവ പിന്നാക്കാവസ്ഥയെ സംബന്ധിച്ചു സമഗ്രമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സച്ചാർ കമ്മീ ഷന്റെ മാതൃകയിൽ ഒരു കമ്മീഷനെ നിയമിക്കുക.
2. 2007- ലെ ജസ്റ്റീസ് രംഗനാഥൻ മിശ്ര കമ്മീഷൻ ശുപാർശപ്രകാരം ദളിത് ക്രൈസ്തവരെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുക. ഇക്കാര്യവുമായി ബന്ധപ്പെട്ട സുപ്രീംകോടതിയിൽ 2004 മുതൽ നിലവിലുള്ള കേസിൽ എത്രയും വേഗം സത്യവാങ്മൂലം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
3. കഴിഞ്ഞ 70 വർഷക്കാലമായി ആംഗ്ലോഇന്ത്യൻ സമുദായത്തിന് ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ഉണ്ടായിരുന്ന പ്രാതിനിധ്യം നിർത്തലാക്കിയത് പുനഃസ്ഥാപിക്കുക.
4. ക്രൈസ്തവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭരണഘടന നൽ കുന്ന പൂർണ്ണഅവകാശങ്ങളോടെ നടത്തിക്കൊണ്ടു പോകുന്നതി നുള്ള സംരക്ഷണം നൽകുക.

5. മലയോര കർഷകരുടെ കൃഷിയിടങ്ങളും ജനവാസകേന്ദ്രങ്ങളും ബഫർസോണുകളായി വിജ്ഞാപനം ചെയ്ത തെറ്റായ നടപടി തിരുത്തുക. അതേപോലെ തലമുറകളായി തീരപ്രദേശത്ത് വസിച്ചുവരുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേ ശവാസികളുടെ വാസസ്ഥലങ്ങൾ തീരദേശ സംരക്ഷണ നിയമപ്രകാരം അനധികൃതം ആക്കുന്ന വിജ്ഞാപനം പിൻവലിച്ചു തീരദേശ പരമ്പരാഗത തീരദേശവാസികൾക്ക് പാരിസ്ഥിതിക നിബന്ധനകൾ പാലിച്ചുകൊണ്ട് ഭവനനിർമ്മാ ണത്തിന് അനുവാദം നൽകുകയും ചെയ്യുക.

6. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അക്ടിന്റെ മൂന്നാം ഖണ്ഡികയുടെ 2 b-യിൽ സംസ്ഥാന സർക്കാർ 2017-ൽ വരുത്തിയ ഭേദഗതി റദ്ദ് ചെയ്തു എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതി ഉറപ്പാക്കുക. ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ സ്ഥാനം റൊട്ടേഷൻ വ്യവസ്ഥിതിയിൽ ആക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

7. ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ ആനുകൂല്യ വിതരണത്തിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്ന 80:20 എന്ന തെറ്റായ അനുപാതം തിരുത്തി, അർഹ മായ തുല്യനീതി ഉറപ്പാക്കുക.

8. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ ഫണ്ട് കൊണ്ടും സംവിധാനങ്ങൾ കൊണ്ടും ശക്തിപ്പെടുത്തി പരിവർത്തിത ക്രൈസ്തവരുടെ ക്ഷേമവും വികസനവും ഉറപ്പാക്കുക.

9. കേരളത്തിലെ പട്ടികവിഭാഗക്കാർക്കുള്ള എല്ലാസാമ്പത്തിക ആനുകൂല്യങ്ങളും പട്ടികജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയ ദളിത് (പരിവർത്തിത) ക്രൈസ്തവക്കും നല്കുക.

10. ന്യൂനപക്ഷ സമുദായങ്ങൾക്ക് അനുവദിക്കപ്പെടുന്ന ട്രെയിനിങ് സെന്ററുകളും സബ് സെന്ററുകളും ക്രൈസ്തവക്ക് പ്രത്യേകമായി അനുവദിക്കുക.

11. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും ദളിത് ക്രൈസ്തവർക്കും മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും പാർപ്പിടവും സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

12. മത്സ്യതൊഴിലാളികളുടെ ഉപജീവന സംരക്ഷണത്തിനും സാമൂഹിക ഭദ്രതയ്ക്കും ക്ഷേമത്തിനും അവരുടെ കടലിലെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുക. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപാധികൾ സ്വന്തമാക്കു

ന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തുക. മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമായ വിധത്തിൽ മത്സ്യവിപണന മേഖലയെ ആധുനികരിക്കുകയും ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും ചെയ്യുക.

13. കാർഷിക വിളകളുടെ വില തകർച്ച നിയന്ത്രിക്കാൻ എല്ലാ വിളകൾക്കും താങ്ങുവില നിശ്ചയിക്കുകയും കർഷകത്തൊഴിലാളികൾക്ക് ആവശ്യമായ യന്ത്രങ്ങളും ഇതര സാമഗ്രികളും സബ്സിഡി നിരക്കിൽ നൽകുക. പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെടുന്ന കൃഷിയിടങ്ങൾക്ക് പകരം ഭൂമിയും നഷ്ടപരിഹാരവും നൽകുക. മണ്ണിടിച്ചിൽ, കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവയാൽ മരണപ്പെടുന്ന കർഷകരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും ആശ്രിതരുടെ സംരക്ഷണത്തിന് പ്രത്യകേ പദ്ധതികളും നടപ്പിലാക്കുക

14. നിർമ്മാണമേഖലയിലെ തൊഴിലാളികളുടെ സുരക്ഷയും സാമൂഹിക ഭദ്രതയും ഉറപ്പാക്കുകയും തൊഴിൽ നിപുണതയും വൈദഗ്ദ്യവും വർദ്ധിപ്പിക്കാൻ കേന്ദ്രങ്ങൾ ആരംഭിച്ചു പരിശീലനം നൽകുകയും ചെയ്യുക

ഒരു സമൂഹത്തിന്റെ ന്യൂനപക്ഷാവസ്ഥ ആരും പ്രത്യേകമായി ഉണ്ടാക്കിയെടുത്തതല്ല, മറിച്ച് ചരിത്രപരമായി അപ്രകാരം സംഭവിച്ചതാണ്. ഓരോ ന്യൂനപക്ഷ സമൂഹവും രാജ്യത്തിന്റെ അഭിഭാജ്യഘടകമായതുകൊണ്ട് എല്ലാ ന്യൂനപക്ഷങ്ങളും ഒരുപോലെ തന്നെ അംഗീകരിക്കപ്പെടണം. എല്ലാവർക്കും അവർ ക്കർഹമായ ആനുകൂല്യങ്ങൾ ലഭിക്കണം. ഭൂരിപക്ഷത്തിന്റെ അവകാശങ്ങൾ ഹനിച്ചുകൊണ്ടോ മറ്റ് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ മാനിക്കാതെയോ കവർന്നെടുത്തുകൊണ്ടോ ആകരുത് ഇത്. ആനുപാതികമായ ഭാഗഭാഗിത്വം ഭരണനേതൃതലത്തിലും സേവനമേഖലയിലും ലഭിക്കണം. ഭരണഘടന വിഭാവനം ചെയ്യുന്ന ഇത്തരം സേവനങ്ങൾ രാജ്യത്തിന്റെ പുരോഗതിക്ക് ഭൂരിപക്ഷത്തോടൊപ്പം ന്യൂനപക്ഷങ്ങളും പ്രവർത്തിക്കുക എന്ന ലക്ഷ്യംവച്ചുള്ളതാണ്.

### ഉപസംഹാരം

ഒരു ബഹുസ്വര സമൂഹത്തിൽ വിവിധ സമുദായങ്ങൾക്കെന്നപോലെ ക്രൈസ്തവസമുദായത്തിനും അർഹിക്കുന്ന അംഗീകാരങ്ങളും അവകാശങ്ങളും ലഭിക്കാൻ ഐക്യത്തോടെ നാം ഉണർന്നുപ്രവർത്തിക്കണം. ഭരണഘടനയിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും സ്ഥാപിക്കപ്പെട്ടിരിക്കുന്ന മതന്യൂനപക്ഷ സമുദായങ്ങൾക്കുള്ള അവകാശങ്ങൾ ആരുടെയും ഔദാര്യ

മല്ല. അതിനാൽത്തന്നെ നമുക്കർഹതപ്പെട്ടവ നേടിയെടുക്കാൻ സഭാംഗങ്ങൾ എന്ന നിലയിലും സമുദായാംഗങ്ങൾ എന്ന നിലയിലും നമുക്ക് ഒത്തൊരുമിച്ചു പ്രയത്നിക്കാം. ന്യൂനപക്ഷക്ഷേമ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള പരിശ്രമങ്ങൾ നാം ഊർജ്ജിതപ്പെടുത്തണം. അതിനാവശ്യമായ സംവിധാനങ്ങൾ സഭൈക്യശ്രമങ്ങളുടെ ഭാഗമായും രൂപതാതലത്തിലും ഇടവകതലത്തിലും ഒരുക്കുന്നതിന് വേണ്ട ജാഗ്രത ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുവിൽ സ്നേഹപൂർവം.

**ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
ചെയർമാൻ, കെസിബിസി അല്മായ കമ്മീഷൻ

**ബിഷപ് ഡോ. ജോസഫ് കാരിക്കാശ്ശേരി**
വൈസ്ചെയർമാൻ, കെസിബിസി അല്മായ കമ്മീഷൻ

**ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി**
വൈസ്ചെയർമാൻ, കെസിബിസി അല്മായ കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

N.B: ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# കച്ചേരിക്കാര്യം

### 1. പുതിയ നിയമനങ്ങൾ

ഫാ. റാഫേൽ കോക്കാടൻ CMI : വികാരി, കടലുണ്ടി

### 2. രൂപതാ ഉപദേശക സമിതി മീറ്റിംഗ്

രൂപതയുടെ 10–ാമത് ഉപദേശകസമിതിയുടെ പ്രഥമ മീറ്റിംഗ് 2020 നവംബർ 10–ാം തീയതി ചൊവാഴ്ച രാവിലെ 10.30 ന് ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കേണ്ടതാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

### 3. നന്ദി, സ്വാഗതം

കടലുണ്ടി ഇടവകയിൽ സേവനം ചെയ്തതിനുശേഷം പുതിയ കർമ്മ മേഖലയിലേക്ക് പോകുന്ന സി.എം.ഐ. സന്യാസ സമൂഹാംഗം ബഹു. ഡേവിസ് കാച്ചപ്പിള്ളിയച്ചന് രൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

കടലുണ്ടി ഇടവക വികാരിയായി നിയമിതനായിരിക്കുന്ന ബഹു. റാഫേൽ കോക്കാടൻ സി.എം.ഐ. അച്ചന് ഹൃദ്യമായ സ്വാഗതം.

### 4. ആദരാഞ്ജലികൾ

ബഹു. ഡൊമിനിക് തൂങ്കുഴിയച്ചന്റെ പിതാവ് **മാത്യു തൂങ്കുഴി (93)** 2020 ഒക്ടോബർ 2 ന് തന്റെ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. മഞ്ഞുവയൽ ഇടവകയിൽ നടന്ന മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ഡൊമിനിക് അച്ചനോടും രൂപതാകൂടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 5. സ്മരണാഞ്ജലി

3 – 11 – 2001 – മോൺ. തോമസ് മൂലക്കുന്നേൽ

10 –11 – 2006 – റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി

**11 –11 – 2004 – റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി**

18 –11 – 1982 – റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ

**26 –11 – 2011 – റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്**

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി
(11.11.2004)



റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്
(26.11.2012)




# ആദരാഞ്ജലികൾ

## ഫാ. ജോസഫ് മാണിക്കത്താഴ

**ഫാദർ. ജോസഫ് മാണിക്കത്താഴ**
കർഷകരുടെ സുഹൃത്തും വഴികാട്ടിയും

അവിഭക്ത തലശ്ശേരി രൂപതയിലെ ആദ്യകാല വൈദീകരിൽ ഒരാളും മലബാർ കുടിയേറ്റത്തിന്റെ കഠിനപാതകളിൽ കർഷകരുടെ കരുത്തും വഴികാട്ടിയുമായിരുന്ന ഫാദർ ജോസഫ് മാണിക്കത്താഴ ഒക്ടോബർ 27 ചൊവ്വാഴ്ച നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ച അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും താമരശ്ശേരി രൂപതയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

കോട്ടയം ജില്ലയിലെ കൊഴുവനാലിൽ നിന്ന് പേരാവൂരിലേക്ക് കുടിയേറിയ മാണിക്കത്താഴ ജോസഫ് - ത്രേസ്യ ദമ്പതികളുടെ മകനായി 1928 ൽ ജനിച്ച

അദ്ദേഹം 1962 ൽ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. തലശ്ശേരി രൂപതയിലെ തദ്ദേശീയനായ ആദ്യ വൈദീകനായിരുന്നു അദ്ദേഹം. തലശ്ശേരി അതിരൂപതയിലെ കുടിയാൻമല, ഓടംതോട്, കണ്ണിവയൽ, നെല്ലിപ്പാറ എന്നീ ഇടവകകളിലും താമരശ്ശേരി രൂപതയിലെ ചാപ്പൻതോട്ടം, കട്ടിപ്പാറ, പടത്തുകടവ്, മരിയാപുരം, മരഞ്ചാട്ടി എന്നീ ഇടവകകളിലും അദ്ദേഹം സ്തുത്യർഹമായ സേവനം ചെയ്തു.

പാവപ്പെട്ടവരുടെയും ദുർബല ജനവിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെയും ഉന്നമനത്തിനുവേണ്ടിയുള്ള സമരമുഖങ്ങളിലെ പോരാളിയായിരുന്നു അദ്ദേഹം. 1975 ൽ കണ്ണൂർ ജില്ലയെ നടുക്കിയ "നെടുംപുറംചാൽ" പോലീസ് നരനയാട്ടിനെതിരെയും ഗൂഡല്ലൂരിലെ കർഷക കുടിയിറക്കിനെതിരെയും അദ്ദേഹം പടപൊരുതി.

വൈദീകരിലെ കർഷകനും, കർഷകരിലെ വൈദികനുമായിരുന്നു അദ്ദേഹം. സേവനം ചെയ്ത ഇടവകകളിലെല്ലാം കാടുവെട്ടി തെളിച്ച് കർഷകരോട് ചേർന്ന് തെങ്ങും റബ്ബറും വെച്ചുപിടിപ്പിക്കാൻ മുൻപന്തിയിൽ നിന്നു. പരസ്പര സഹകരണത്തിലും സ്നേഹത്തിലും കൂട്ടായ്മയിലും മനുഷ്യർ കഴിഞ്ഞു കൂടണമെന്ന ദൈവത്തിന്റെ മഹത്തായ ചിന്തയിലാണ് കർഷക സംസ്കാരത്തിന്റെ തുടക്കമെന്നും കൃഷിയെന്നതു ഒരു ഉപജീവനമാർഗ്ഗം മാത്രമല്ല അതൊരു ജീവിതരീതിയാണെന്നും വിശ്വാസികൾക്ക് സ്വജീവിതം കൊണ്ട് കാട്ടികൊടുത്ത വൈദീകനായിരുന്നു അദ്ദേഹം. കൂത്തുപറമ്പ് നിർമലഗിരി കോളേജിന്റെ പ്രഥമ ബർസാർ ആയിരുന്ന അദ്ദേഹമാണ് ഇന്നത്തെ ആ മഹാസ്ഥാപനത്തിന്റെ വികസനത്തിന് നാന്ദി കുറിച്ചത്.

കഴിഞ്ഞ 10 വർഷക്കാലമായി വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതം കുടിയേറ്റ ജനതയ്ക്ക് എന്നും മറക്കാനാവാത്ത ഓർമ്മകൾ നൽകുന്നതാണ്. ധീരതയോടും വിശ്വസ്തതയോടുംകൂടി അജപാലന ശുശ്രൂഷ നിർവ്വഹിച്ച അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.





# സി. തെരെസ് മരിയ S.H

ദൈവവിളിയാൽ പരിപുഷ്ടമായ പാലാ രൂപതയിലെ വയല ഇടവക പഞ്ഞിപ്പാറയിൽ യൗസേപ്പ് -ത്രേസ്യാമ്മ ദമ്പതികളുടെ ഏഴ് മക്കളിൽ ആറാമത്തെ പുത്രിയായി 1929 സെപ്റ്റംബർ 22 ന് ത്രേസ്യാക്കുട്ടി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം വയല ഗവൺമെന്റ് യു. പി സ്കൂളിലും ഹൈസ്ക്കൂൾ പഠനം കടപ്ലാമറ്റം സെന്റ് ആന്റണീസ് സ്കൂളിലും പൂർത്തിയാക്കി, 1956 ജൂൺ 1 ന് കുളത്തുവയൽ തിരുഹൃദയമഠത്തിൽ സന്യാസാർത്ഥിനിയായി ചേർന്നു. 1958 ഏപ്രിൽ 18 ന് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനവും 1961 മെയ് 6 ന് നിത്യവ്രതവാഗ്ദാനവും നടത്തി.

തലശ്ശേരി അതിരൂപതയിൽ ആദ്യകാല കുടിയേറ്റക്കാരുടെ ഇടയിൽ പൈസക്കരി, ഉദയഗിരി,ആലക്കോട്,വായാട്ടുപറമ്പ എന്നീ ഇടവകകളിൽ ചെയ്ത 25 വർഷത്തെ മതാധ്യാപനശുശ്രൂഷയ്ക്ക് ബഹു. തെരേസ് മരിയാമ്മയെ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് ആദരിച്ചു. തുടർന്ന് മാനന്തവാടി രൂപതയിൽ തരിയോട്, ചുങ്കക്കുന്ന് ഇടവകകളിലും താമരശ്ശേരി രൂപതയിൽ കട്ടിപ്പാറ, കാറ്റുള്ളമല, മേരിക്കുന്ന് നോവിഷ്യേറ്റ് ഹൗസ് എന്നിവിടങ്ങളിൽ സുപ്പീരിയറായും തിരൂർ, കുളത്തുവയൽ, മരിയാപുരം, സാന്തോം ഭവൻ കൂരാച്ചുണ്ട് എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആഴമായ ദൈവാശ്രയബോധവും, പ്രാർത്ഥനാ ചൈതന്യവും, ദീനാനുകമ്പയും, ശാന്തവും പക്വവുമായ പെരുമാറ്റവും ലളിത ജീവിത ശൈലിയും അദ്ധ്വാനപൂർണ്ണമായ ജീവിതവുമെല്ലാം തെരേസ് മരിയാമ്മയുടെ ഒഴിവാക്കാനാവാത്ത ജീവിത സവിശേഷതകളാണ്. അധികാരികളോടുള്ള പരിപൂർണ്ണമായ അനുസരണവും വിധേയത്വവും സന്യാസ നിയമങ്ങളോടുള്ള പാലനവുമെല്ലാം സഭാംഗങ്ങൾക്ക് ഏറെ പ്രചോദനവും മാതൃകാപരവുമാണ്. 62 വർഷത്തെ അർത്ഥപൂർണ്ണവും അതിവിശിഷ്ടവുമായ സന്യാസജീവിതത്തിന് ശേഷം 91 – ാം വയസ്സിൽ 2020 ഒക്ടോബർ 15 ന് വേദപാരംഗതയായ ആവിലായിലെ വി. അമ്മത്രേസ്യായുടെ തിരുനാൾ ദിനം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. തെരേസ് മരിയാമ്മയുടെ പൂജ്യസ്മരണകൾക്ക് മുൻപിൽ കൃതജ്ഞതാ നിർഭരമായ ആദരാഞ്ജലികൾ

# മതബോധനം

നമുക്ക് വെളിപ്പെടാൻ ഇരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു (റോമാ 8 :18) വിശ്വാസജീവിതം സ്വർഗ്ഗം തേടിയുള്ള യാത്രയാണ്. നമ്മുടെ കർത്താവുംദൈവവുമായ യേശുക്രിസ്തു മഹത്വത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ അവിടുത്തോടുകൂടി ജീവന്റെ കിരീടം നേടേണ്ടവരാണ് വിശ്വാസജീവിതത്തിൽ സ്ഥിരതയോടെ മുന്നേറുന്ന ഓരോ വിശ്വാസിയും. നാമെല്ലാവരും കഷ്ടതയുടെ മധ്യത്തിലൂടെയാണ് ഇപ്പോൾ യാത്ര ചെയ്യുന്നത്. എന്നാൽ നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വം വളരെ വലുതായതിനാൽ ഇന്നത്തെ ഈ കഷ്ടതകളെയും സഹനങ്ങളെയും നമുക്ക് ലഘുവായി കരുതാം. ഈ നവംബർ മാസത്തിൽ സഹന സഭയിലെ നമ്മുടെ പ്രിയപ്പെട്ടവരെ നമുക്ക് അനുസ്മരിക്കാം. ശുദ്ധീകരണ ആത്മാക്കൾ നമ്മുടെ സഹായം അർഹിക്കുന്നവരാണ് അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമയാണ്. വിശുദ്ധ ജെറോമിന്റെ അഭിപ്രായത്തിൽ വിശുദ്ധ ബലി അർപ്പിക്കുന്നതും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്നതുമാണ് മരിച്ച വിശ്വാസികൾക്ക് ഏറ്റവും സഹായം നൽകുന്നത്.

## Google meet

ഈ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ മേഖല തിരിച്ച് ഡയറക്ടർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും ഗൂഗിൾ മീറ്റുകൾ നടത്തി. അർദ്ധവാർഷിക പരീക്ഷയോടനുബന്ധിച്ച് വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പരീക്ഷാ നടത്തിപ്പിനെക്കുറിച്ച് തീരുമാനിക്കുന്നതിനും മീറ്റിംഗ് സഹായകമായി. എല്ലാ ഹെഡ്മാസ്റ്റർമാരും ഗൂഗിൾ മീറ്റിൽ പങ്കെടുത്തു.

## BEHOLD CHRIST

ഒക്ടോബർ മാസത്തിലെ BEHOLD CHRIST കട്ടിപ്പാറ ഇടവകയിൽ വച്ച് നടത്തി. ഒക്ടോബർ 25 ന് നടക്കുന്ന പരീക്ഷയ്ക്കുള്ള ഒരുക്കമായിട്ടാണ് BEHOLD CHRIST ക്രമീകരിച്ചത്. കട്ടിപ്പാറ ഹോളി ഫാമിലി പള്ളിയിൽ അന്നേദിവസം റവ. ഫാ. റോയി വള്ളിയാംതടത്തിലിന്റെ അധ്യക്ഷതയിൽ ഇടവകയിലെ മതബോധന അധ്യാപകരുടെ ഒരു സംഗമം നടത്തുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

## La mia Madre

ഒക്ടോബർ മാസത്തിൽ പരിശുദ്ധ കന്യകാമറിയത്തെ മഹത്വപ്പെടുത്തുന്നതിനും ബഹുമാനിക്കുന്നതിനും La mia Madre (വിശുദ്ധരുടെ മരിയൻ സൂക്തങ്ങൾ)

അവതരിപ്പിക്കപ്പെട്ടു. പരിശുദ്ധ അമ്മയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത 15 വിശുദ്ധരെ വേഷഭാവത്തോടെ കുട്ടികൾ അവതരിപ്പിച്ചത് മാതൃഭക്തിയിൽ വളരാൻ കുട്ടികളെ സഹായിച്ചു.

### അർദ്ധവാർഷിക പരീക്ഷ

ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 25 ഞായറാഴ്ച രാവിലെയും വൈകുന്നേരവുമായി നടത്താൻ തീരുമാനിച്ചു. വീട്ടിൽവെച്ച് മാതാപിതാക്കളുടെ സാന്നിധ്യത്തിൽ പരീക്ഷ നടത്താനാണ് പൊതുവായ തീരുമാനം.

### സാക്ഷ്യരചനാ മത്സരവിജയികൾ

HCC കുട്ടികൾക്ക് വേണ്ടി രൂപതയിൽ 'ക്രിസ്തു എനിക്ക് ആര്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സാക്ഷ്യ രചനാ മത്സരമാണ് write your - Testimoney പങ്കെടുത്ത എല്ലാ കുട്ടികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ. മത്സരത്തിൽ വിജയികളായത്.

Ist - Elizebeth George Kallanode

II nd - Jeeva Jose Pullurampara

II rd - Jeeva Mariya Koomamkulam

എന്നിവരാണ്. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം

## ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരേ,

കോവിഡ് മഹാമാരിയുടെ ഈ നാളുകളിൽ ഒരു വർഷം കടന്നുപോകാൻ ഇനി ദിവസങ്ങളേറയില്ല. ഈ നവംബർ മാസവും ജനങ്ങൾ ഒത്തുചേരാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കഴിഞ്ഞ മാസം സംഘടനയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട മാസമായിരുന്നു; ഈ മാസം ശുദ്ധീകരത്മാക്കൾ ക്കുവേണ്ടി പ്രത്യേകം നമ്മൾ പ്രാർത്ഥിക്കുന്ന മാസമാണല്ലോ. അതിനാൽ മറ്റ് മത്സരപരിപാടികൾ ഈ മാസം ഒഴിവാക്കി, മുമ്പ് ചെയ്തുകൊണ്ടിരുന്ന ചില പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ശ്രമിക്കുകയാണ്. പരിപാടികൾ ചുവടെ ചേർക്കുന്നു.

### നവംബർ - ജീവനും പുനരുത്ഥാനവും

1 ഞായർ - സകല വിശുദ്ധരുടെയും തിരുനാൾ
2 തിങ്കൾ - സകല മരിച്ചവരുടെയും തിരുനാൾ
8 ഞായർ - മതബോധന ഞായർ, മതാദ്ധ്യാപകരെ ആദരിക്കുക.
17 ചൊവ്വ - രൂപതാ എക്സിക്യൂട്ടീവ്
22 ഞായർ - രാജത്വതിരുനാൾ, വി. സിസിലിയുടെ തിരുനാൾ
30 തിങ്കൾ - മേഖല ശാഖകൾക്ക് സുകൃതമഞ്ജരി തയ്യാറാക്കി നൽകുന്നു.

### വളരാൻ വളർത്താൻ

- പ്രയർസെൽ ചേർന്ന് പ്രാർത്ഥിക്കുക
- മിഷനറിമാരെ ആദരിക്കൽ
- മിഷൻ അനുഭവങ്ങൾ, ഡോക്യുമെന്ററികൾ നൽകൽ
- വിശുദ്ധരെ അറിയാം - വി. സിസിലി

### ടെലിക്വിസ്

മിഷൻലീഗ്, മത്തായിയുടെ സുവിശേഷം, മലബാർ വിഷൻ (അതത് മാസം) എന്നിവ ഉൾപ്പെടുത്തി എല്ലാ മാസത്തിലെയും രണ്ടാമത്തെയും നാലാമത്തെയും ഞായറാഴ്ചകളിൽ 3 മണി മുതൽ 4 മണിവരെ ഒരു മണിക്കൂർ സമയം മിഷൻലീഗ് അംഗങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ടെലിക്വിസ് പരിപാടി. വിജയികൾക്കുള്ള സമ്മാനങ്ങൾ ശാഖയിൽ എത്തിക്കുന്നതാണ്.

### മിഷൻ ഫമീലിയ - മിഷൻമാസ പരിപാടികൾ

ഒക്ടോബർ മാസം താമരശ്ശേരി രൂപത മിഷൻ ലീഗിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതായിരുന്നു. 2020 കുടുംബ നവീകരണ വർഷവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി മിഷൻ ഫമീലിയ എന്ന മാസപരിപാടിയും അതിന്റെ ലോഗോ പ്രകാശനവും ഒക്ടോബർ 1-ാം തീയതി അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് നിർവ്വഹിച്ചു.

### വൈസ് ഡയറക്ടേഴ്സ് മീറ്റിങ്ങ്

ഒക്ടോബർ 7 ന് രൂപതയിലെ ശാഖാ വൈസ് ഡയറക്ടേഴ്സിന്റെ സംഗമം (Zoom Meeting) നടന്നു. രൂപതാ പ്രസിഡന്റ് അധ്യക്ഷം വഹിച്ച യോഗത്തിൽ ക്ലാസ്സെടുത്തത് സി. ജിനു എം.എസ്.ജെ ആയിരുന്നു.

### ദീപ്തസ്മരണകൾ

മിഷൻലീഗ് മുൻകാല പ്രവർത്തകരുടെ പ്രേഷിതയാത്രയിലെ അനുഭവങ്ങൾ കുഞ്ഞു മിഷനറിമാർക്ക് ചോദിച്ചറിയാനും ആഖ്യാനത്തിനും ഒരു അവസരം. മത്സരഇനമായി മേഖലകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തി. ഫലപ്രഖ്യാപനം നവംബർ മാസത്തിൽ നടത്തുന്നതാണ്.

### ജപമാല കോർക്കാം

മേഖലകൾതോറും ജപമാല ഇടവിടാതെ ചൊല്ലാനുള്ള പ്രയത്നത്തോടൊപ്പം പരി. മാതാവിന്റെ തിരുസ്വരൂപ അലാങ്കരമത്സരവും "ജപമാലറാണി എന്ന പേരിൽ നടത്തി. ഗോരക്പൂർ രൂപതയിലെ മിഷൻ കുടുംബങ്ങളെ പ്രത്യേകം ജപമാലയിൽ ഓർത്ത് പ്രാർത്ഥിക്കാൻ ആഹ്വാനം നല്കി. ഫലപ്രഖ്യാപനം നവംബർ മാസത്തിൽ നടത്തുന്നതാണ്.

### ജപമാല ബാങ്ക്

ആഫ്രിക്കയിലെ ടാൻസാനിയ മിഷനുവേണ്ടി നമ്മുടെ വീടുകളിലെ ഉപയോഗത്തിനു പുറമെയുള്ള ജപമാലകൾ ശേഖരിക്കുവാനായി യത്നം ആരംഭിച്ചു.

### മിഷൻ സ്പ്രിങ്സ്

മിഷൻ രൂപതകളെ പരിചയപ്പെടുത്തുന്ന പ്രോഗ്രാമിൽ ഉജ്ജയിൻ, കല്യാൺ, ഗോരക്പൂർ രൂപതകളെക്കുറിച്ച് വീഡിയോ ക്ലിപ്പ് നല്കി.

### മിഷൻ ഞായർ

മിഷൻ സംസ്ഥാനതല ആചരണം കട്ടിപ്പാറയിൽ വച്ചു നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടം മിഷൻ പതാക ഉയർത്തി, രൂപതാ ഡയറക്ടർ ഫാ. തോമസ് തേവടിയിൽ വി. കുർബാനയർപ്പിച്ച് വചന സന്ദേശം നല്കി. ശാഖാ ഡയറക്ടർ ഫാ. ജോൺ വള്ളിയാംതടത്തിൽ മേഖലാ സെക്രട്ടറി ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ എന്നിവരും മറ്റു ഭാരവാഹികളും പരിപാടികൾക്കു നേതൃത്വം നല്കി.

രൂപതാതല ആചരണം തോട്ടുമുക്കത്തുവച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജോയ് പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ നടത്തി. ഫൊറോന വികാരി വെരി. റവ. ഫാ. അബ്രാഹം കൊച്ചീലാത്ത് പതാക ഉയർത്തി. ജിനോ തറപ്പുതൊട്ടിയിൽ, സി. ഹെലൻ എന്നിവരും മറ്റു ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

### മിഷൻ ഞായർ സന്ദേശം

ഈ വർഷത്തെ മിഷൻ ഞായർ സന്ദേശം നല്കിയത് മിഷൻ രൂപതയായ ഭദ്രാവതിയുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് പിതാവാണ്.

### മിഷൻ വെബിനാർ - രൂപത കൗൺസിൽ

മിഷൻ ഞായർ ദിനത്തിൽ രൂപത കൗൺസിലിലേയും ഇടവകയിലെ രണ്ടു പ്രതിനിധികളേയും ഉൾക്കൊള്ളിച്ചുകൊണ്ട് സെമിനാർ നയിച്ചത്ദേശീയ നിർവ്വാഹക സമിതിയംഗവും സംസ്ഥാന കമ്മറ്റിയംഗവുമായ ശ്രീ. അരുൺ ജോസ് (കോതമംഗലം രൂപത) ആയിരുന്നു.

### മിഷൻ ബാന്റ്

എല്ലാ ദിവസങ്ങളിലും ശാഖകളിലെ കുഞ്ഞുമിഷനറിമാരുടെ വിവിധ വിഷയങ്ങളെ സംബന്ധിച്ച Reflection thoughts നല്കി. ഇതിനുവേണ്ടി സംഘടനയെ സഹായിച്ചത് റവ. ഫാ. അലക്സ് പനച്ചിക്കൽ, സിമി തേവടിയിൽ കൂടത്തായി, റിച്ചാർഡ് പന്തപ്ലാക്കൽ പൂഴിത്തോട് എന്നിവരാണ്. ഇവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. അതിനുവേണ്ടി സഹകരിച്ച മേഖല ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർക്കും നന്ദി.

### അഭിവന്ദ്യപിതാവിന് ആശംസകൾ

ഒക്ടോബർ 1ന് അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിന് വിവിധ മേഖലകളിൽനിന്ന് ഓരോ ആശംസാ വീഡിയോ ശേഖരിക്കുകയും കുഞ്ഞുമിഷനറിമാരുടെ ആശംസകൾ അറിയുകയും ചെയ്തു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് രൂപതാ സമിതിയിൽനിന്നും ഡയറക്ടറച്ചനും വൈസ് ഡയറക്ടർ സിസ്റ്ററും മാത്രമായി അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് സംഘടനയുടെ ആശംസകളറിയിച്ചു. വിവിധ മേഖലകളിൽനിന്നും ആശംസകളറിയിച്ചവർ:

| | | |
|---|---|---|
| താമരശ്ശേരി | - | ജസീന്ത മേൽവട്ടം, തലയാട് |
| പെരിന്തൽമണ്ണ | - | സന പുത്തൻപുരക്കൽ, മരിയാപുരം |
| തോട്ടുമുക്കം | - | ആഞ്ചല, അലീന ഓലിക്കുന്നേൽ, വാലില്ലാപ്പുഴ |
| മലപ്പുറം | - | ജൂവൽ കിഴക്കേക്കര, മലപ്പുറം |
| മരുതോങ്കര | - | ആൻസലിൻ തടത്തിൽ, മരുതോങ്കര |
| വിലങ്ങാട് | - | ആൻമരിയ തണ്ണിപ്പാറ, വിലങ്ങാട് |
| കൂരാച്ചുണ്ട് | - | സാവിയോ കാണ്ടാമറ്റത്തിൽ, കൂരാച്ചുണ്ട് |
| കോടഞ്ചേരി | - | ഏൽറോയ് പറത്തലയ്ക്കൽ |

തിരുവമ്പാടി - അലോണ മേക്കാട്ട്, വേനപ്പാറ
പാറോപ്പടി - ഡാരിയസ് & ഡാനറ്റ് തെക്കേൽ, അശോകപുരം
കരുവാരകുണ്ട് - അന്ന തെരേസ് തെങ്ങുംമൂട്ടിൽ, കൽക്കുണ്ട്

### ശാഖാ റിപ്പോർട്ടുകൾ

ശാഖകളിൽ നിന്നു ലഭിക്കേണ്ട 2019-2020 വർഷത്തെ റിപ്പോർട്ട് തരുന്നതോടൊപ്പം തന്നെ 2020-21 നടപ്പുവർഷത്തെ റിപ്പോർട്ട് ബുക്കുകൾ ഓഫീസിൽനിന്ന് വാങ്ങിക്കേണ്ടതാണ് എന്ന് പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും ഇടവകകളിൽ നിന്ന് റിപ്പോർട്ട് കോപ്പി രൂപതാ ഓഫീസിൽ എത്തിക്കാൻ ബുദ്ധുമുട്ടുണ്ടെങ്കിൽ PDF കോപ്പി രൂപതാ ഓഫീസിൽനിന്നും അയച്ചുതരുന്നതാണ്. അതിന്റെ കോപ്പി എടുത്തതിനുശേഷം ഫോട്ടോയെടുത്ത് PDF ആക്കി cmlthamarassery@gmail.com എന്ന email അഡ്രസ്സിൽ അയച്ചാൽ മതിയാകും.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

## തിരുബാലസഖ്യം

**2020 നവംബർ - ക്രിസ്തുരാജന് പ്രതിഷ്ഠിതം**

പരിചയപ്പെടുത്തുന്ന വിശുദ്ധ - വി. സിസിലി

പ്രാർത്ഥനാ നിയോഗം - എല്ലാ കുടുംബങ്ങൾക്കുവേണ്ടിയും

സുകൃതജപം - ഉണ്ണീശോയെ ഞങ്ങളുടെമേൽ കരുണയായിരിക്കണമേ

വചനം - നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36)

1 ഞായർ - സകലവിശുദ്ധരുടെയും തിരുനാൾ
- സുവിശേഷം (മത്താ 5:1-13)
- ലേഖനം (1 യോഹ. 3:1-3)

2 തിങ്കൾ - സകല മരിച്ചവരുടെയും തിരുനാൾ

4 ബുധൻ - വി. ചാൾസ് ബറോമിയോ തിരുനാൾ (മതാദ്ധ്യാപകരുടെ മദ്ധ്യസ്ഥൻ)

8 ഞായർ - മതാദ്ധ്യാപകദിനം
സുവിശേഷം (മത്താ 12:1-13)

ലേഖനം (ഹെബ്രാ. 8:1-6)

15 ഞായർ – സുവിശേഷം (യോഹ. 2:13-22)
ലേഖനം (ഹെബ്രാ. 9:5-15)

22 ഞായർ – ക്രിസ്തുരാജന്റെ തിരുനാൾ, വി. സിസിലിയുടെ തിരുനാൾ (ഗായകസംഘ മദ്ധ്യസ്ഥ)
സുവിശേഷം മത്താ. 22:41-46
ലേഖനം (ഹെബ്രാ. 9:16-28)
ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം (ആൺകുട്ടികൾക്ക് മാത്രം)

29 ഞായർ – സുവിശേഷം (ലൂക്കാ 1:5-25)
ലേഖനം (എഫേ. 5:21-6:4)

30 തിങ്കൾ – വി. അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ

പ്രവൃത്തി : ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക.

ഗീതം : "നീ കർത്താവാണെന്നും നീ ദൈവമാണെന്നും" പഠിയ്ക്കുക.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# കെ.സി.വൈ.എം.

## സെപ്റ്റംബർ

### തിരുവോണ നാളിൽ ഉപവാസ സമരം

ഓഗസ്റ്റ് 31 ഒക്ടോബർ വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള ബഫർസോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട കർഷകരുടെ ജീവനും സ്വത്തിനും എതിരെയുള്ള വെല്ലുവിളി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം. താമരശ്ശേരി രൂപത തിരുവോണനാളിൽ പെരുവണ്ണാമൂഴി ഫോറസ്റ്റ് റേഞ്ച് ഓഫീസിനു മുന്നിൽ ഉപവാസസമരം നടത്തി. ഇത് ഒരു തുടക്കമാണ് എന്നും നീതി ലഭിച്ചില്ലെങ്കിൽ കർഷക വിമോചന വിപ്ലവ സമരത്തിന് കേരളം സാക്ഷിയാകേണ്ടിവരും എന്നും കർഷക പ്രശ്നങ്ങൾക്ക് നേരെ മുഖം തിരിക്കുന്ന രാഷ്ട്രീയ നേതാക്കളോട് ഇലക്ഷൻ സമയത്ത് നോ പറയാൻ മടിക്കില്ല എന്നും കെ.സി.വൈ.എം. പ്രസ്താവിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ ഉദ്ഘാടനം ചെയ്ത ഉപവാസ സമരത്തിൽ രൂപത പ്രസിഡന്റ് വിശാഖ് തോമസ്, രൂപത

അസി. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, വൈസ് പ്രസിഡന്റ് ജസ്റ്റിൻ സൈമൺ, ട്രഷറർ റിച്ചാർഡ് ജോൺ തുടങ്ങിയവർ സംസാരിച്ചു. വൈദികരായ ഫാ. ജോസഫ് പൂതക്കുഴി, ഫാ. ജോസഫ് കളത്തൂർ, ഫാ. ജോൺസൺ പാഴുകുന്നേൽ, ഫാ. വിൻസെന്റ് കണ്ടത്തിൽ, വിവിധ യൂണിറ്റുകളിൽനിന്നുള്ള പ്രതിനിധികൾ, വിവിധ കർഷക സംഘടന ഭാരവാഹികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ തുടങ്ങിയവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. രൂപത എക്സിക്യൂട്ടീവ് മെമ്പർ ജിബിൻ പെരിന്തൽമണ്ണ, മേഖല പ്രസിഡന്റ് ജിബൻ ചുണ്ടയിൽ, വാർഡ് മെമ്പർ ശ്രീമതി എമിലി, മരുതോങ്കര മേഖലയിലെ യുവജനങ്ങൾ എന്നിവർ കോർഡിനേറ്റ് ചെയ്തു.

### ബഫർസോൺ പ്രഖ്യാപനത്തിനെതിരെ സമരപരമ്പര

- സെപ്റ്റംബർ ഒന്നാം തീയതി ബഫർസോൺ പ്രഖ്യാപനത്തിനെതിരായി താമരശ്ശേരി രൂപത കെ.സി.വൈ.എം ആഹ്വാനം ചെയ്ത സമരപരമ്പരകളുടെ ഭാഗമായി ചെമ്പനോട വില്ലേജ് ഓഫീസിന് മുന്നിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ച് മരുതോങ്കര ഫൊറോനയുടെ നേതൃത്വത്തിൽ സൂചനാസമരം നടത്തി.

- സെപ്റ്റംബർ 2 ന് ബഫർസോൺ വിഷയത്തിൽ കെ.സി.വൈ.എം കൂരാച്ചുണ്ട് മേഖലയുടെ നേതൃത്വത്തിൽ കൂരാച്ചുണ്ട് വില്ലേജ് ഓഫീസിനു മുൻപിൽ ധർണ്ണ നടത്തി.

- സെപ്റ്റംബർ 3 ന് കെ.സി.വൈ.എം. താമരശ്ശേരി രൂപത തിരുവോണ നാളിൽ നടത്തിയ ഉപവാസസമരത്തിൽ വൈദികർ ഉൾപ്പെടെ പത്തോളം പേർക്കെതിരെ കേസ് എടുത്ത പോലീസ് നടപടിക്ക് എതിരെ പ്രതിഷേധസംഗമം നടത്തി.

- സെപ്റ്റംബർ 5 ന് ബഫർസോൺ പ്രഖ്യാപനത്തിനെതിരെ കെ.സി.വൈ.എം താമരശ്ശേരി മേഖലയുടെ നേതൃത്വത്തിൽ കട്ടിപ്പാറ വില്ലേജ് ഓഫീസിന് മുമ്പിൽ ധർണ സംഘടിപ്പിച്ചു.

### ഏകദിന ഉപവാസ സമരം

ബഫർസോൺ പ്രഖ്യാപനത്തിനെതിരെ സെപ്റ്റംബർ എട്ടാം തീയതി കെ.സി.വൈ.എം താമരശ്ശേരി രൂപത ആഹ്വാനം ചെയ്ത സമര പരമ്പരയുടെ ഭാഗമായി കെ.സി.വൈ.എം പൂഴിത്തോട് യൂണിറ്റ് ഉപവാസ സമരം സംഘടിപ്പിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. വിശാഖ് തോമസ് ഉപവാസ സമരം ഉദ്ഘാടനം ചെയ്തു. രൂപതാ ട്രഷറർ റിച്ചാർഡ് ജോൺ നേതൃത്വം നൽകി. പതിനഞ്ചോളം യുവജന

ങ്ങൾ ഉപവസിച്ച് ധർണ നടത്തി. സമാപന സമ്മേളനം രൂപതാ ചാൻസലർ ഫാ. ജോർജ്ജ് മുണ്ടനാട്ട് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ അഭിസംബോധന ചെയ്ത് സംസാരിച്ചു.

## Y Talk - Inspirational Vedios

യുവജന മാസത്തോടനുബന്ധിച്ച് യുവജനങ്ങൾക്ക് താല്പര്യം ഉണർത്തുന്ന രീതിയിൽ ഒരു മിനിറ്റ് വരെ നീളുന്ന വീഡിയോസ് 30 ദിവസങ്ങളിൽ പ്രസിദ്ധീകരിച്ചു. രൂപതയുടെ വിവിധ യൂണിറ്റുകളിൽ നിന്നും സഹകരിച്ച എല്ലാ യുവജനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. ഈ വീഡിയോസ് എഴുതി സംവിധാനം ചെയ്ത തിരുവമ്പാടി മേഖല അസി. ഡയറക്ടർ ഫാ. ബിജോ പനച്ചിക്കലിനും വീഡിയോ എഡിറ്റിംഗ് ചെയ്ത രൂപത ട്രഷറർ റിച്ചാർഡ് ജോണിനും കോഡിനേറ്റ് ചെയ്ത രൂപത സെക്രട്ടറി സിമി തേവടിയ്ക്കും അഭിനന്ദനങ്ങളും കൃതജ്ഞതയും.

## യുവ സൂക്തങ്ങൾ

യുവജനങ്ങളുടെ മനസിലെ ആശയങ്ങളും ബോധ്യങ്ങളും പ്രസിദ്ധപ്പെടുത്തുന്ന യുവസൂക്തങ്ങൾ എന്ന പോസ്റ്ററുകൾ യുവജന മാസത്തിലെ മുപ്പത് ദിവസങ്ങളിൽ പ്രസിദ്ധീകരിച്ചു. സഹകരിച്ച എല്ലാ യുവജനങ്ങൾക്കും നന്ദി.

## താമരശ്ശേരി രൂപത കെ.സി.വൈ.എം മീഡിയ സെൽ ലോഗോ പ്രകാശനം ചെയ്തു

കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ മീഡിയ സെൽ വിഭാഗമായ യുവ ദർശൻ (DMC) ലോഗോ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രകാശനം ചെയ്തു. ലോഗോ ഡിസൈൻ ചെയ്ത ശ്രീ. സാൻജോ സണ്ണിക്ക് ഹൃദയം നിറഞ്ഞ നന്ദി.

## അഭിവന്ദ്യ ചിറ്റലപ്പിള്ളി പിതാവിന് ആദരാജ്ഞലികൾ

തികഞ്ഞ സഭാ സ്നേഹിയും ജീവിതംകൊണ്ട് യുവജനങ്ങൾക്ക് മാർഗ്ഗദർശിയുമായിരുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ സ്മരണകൾക്കു മുമ്പിൽ താമരശ്ശേരി രൂപത കെ.സി.വൈ.എം. ന്റെ പ്രണാമം. അഭിവന്ദ്യ മാർ ചിറ്റിലപ്പിള്ളി പിതാവിന് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് രൂപത സമിതി ആദരാഞ്ജലി അർപ്പിച്ചു. രൂപത പ്രസിഡന്റ് ശ്രീ. വിശാഖ് തോമസ് അനുശോചനം അറിയിച്ച് സംസാരിച്ചു. അഭിവന്ദ്യ പിതാവിന്റെ മൃതദേഹം പൊതുദർശനത്തിനു വച്ചിരുന്ന കത്തീഡ്രൽ പള്ളിയിൽ 40 ഓളം യുവജനങ്ങൾ വോളന്റിയേഴ്സായി സേവനം ചെയ്തു.

### ജ്യോതിർഗമയ - നീതി നിക്ഷേധത്തിനെതിരെ ധർമ്മ ശബ്ദം... യൂട്യൂബ് പ്രോഗ്രാമിന് തുടക്കമായി

സമൂഹത്തിലെ നീതി നിക്ഷേധങ്ങൾക്ക് എതിരെയും അവകാശങ്ങൾക്ക് വേണ്ടിയും നിലപാടറിയിക്കുകയും വിവരങ്ങൾ കൈമാറുകയും ചെയ്യുന്ന യൂട്യൂബ് പ്രോഗ്രാമിന് തുടക്കമായി. ഇതിന് കെ.സി.വൈ.എം. അസി. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ നേതൃത്വം നൽകി വരുന്നു.

### എന്റെ ക്യാമ്പസ് ഓൺലൈൻ മത്സരം

കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ കേരളത്തിനകത്തുള്ള ക്രിസ്ത്യൻ മാനേജ്മെന്റ് കോളേജുകളിൽ ഇപ്പോൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 16 മുതൽ 21 വരെ എന്റെ ക്യാമ്പസ് എന്ന പേരിൽ മെഗാ ഓൺലൈൻ കോണ്ടസ്റ്റ് നടത്തി. മത്സരത്തിൽ ദേവഗിരി കോളേജ് വിജയിയായി.

### നൈറ്റ് വിജിൽ നടത്തി

സെപ്റ്റംബർ 22 ന് രൂപത സ്പിരിചൽ ടീമിന്റെ നേതൃത്വത്തിൽ ഓൺലൈൻ ഫ്ളാറ്റ്ഫോമിൽ നൈറ്റ് വിജിൽ നടത്തി. രൂപത സ്പിരിചൽ ടീം ഇൻചാർജ്ജ് സിമി തേവടിയിൽ പ്രോഗ്രാം കോഡിനേറ്റ് ചെയ്തു. വി. കുർബാനയുടെ ആഴങ്ങളെക്കുറിച്ച് ആലുവ സെമിനാരി പ്രൊഫ. ഫാ. സിബി പുളിക്കൽ സ്പിരിചൽ ടോക്ക് നൽകി. തുടർന്ന് ദിവ്യകാരുണ്യ ആരാധന നടത്തി. 170 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## Vibrant Virtual Youth Meet

### ഓൺലൈൻ യുവജന സംഗമം

സെപ്റ്റംബർ മാസം 27 മുതൽ 30 വരെ രൂപതയിൽ നിന്നും രൂപതയ്ക്ക് പുറത്ത് നിന്നുമുള്ള 600 ഓളം യുവജനങ്ങൾ പങ്കെടുത്ത ഓൺലൈൻ യുവജന സംഗമം Vibrant Virtual Youth Meet നടത്തപ്പെട്ടു. ആരാധന, ഗെയിംസ്, സ്പിരിചൽ മോട്ടിവേഷൻ ടോക്കുകൾ, കഴിഞ്ഞ വർഷം പ്രമുഖ നേട്ടങ്ങൾ കൈവരിച്ച യുവജനങ്ങളെ ആദരിക്കൽ, വിശിഷ്ട അതിഥികളുടെ സന്ദേശം തുടങ്ങിയ വിവിധ പരിപാടികളുടെ സംഗമ വേദിയായിരുന്നു യുവജന സംഗമം. കാപ്പിപ്പൊടി അച്ചൻ എന്നറിയപ്പെടുന്ന ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ, ഫാ. നോബിൾ തോമസ് പാറയ്ക്കൽ, ആർ.ജെ. ഫാദർ എന്നറിയപ്പെടുന്ന ഫാ. സിജോ ചേന്നാടൻ സി.എം.ഐ., ചങ്ങനാശ്ശേരി ഓക്സിലറി ബിഷപ്പ് മാർ തോമസ് തറയിൽ എന്നിവർ സന്ദേശങ്ങൾ നൽകി. മുഖ്യ അതിഥികളായി പ്രമുഖ സംഗീത സംവിധായകൻ ശ്രീ. അൽഫോൻസ് ജോസഫ്, ഇന്ത്യൻ ഫിലിം ആക്ടർ ശ്രീ. സിജോയ് വർഗീസ്, ഐ.എ.എസ്. ജേതാവ് ഡോ. നിർമ്മൽ സെബാസ്റ്റ്യൻ, ശാലോം ടിവി അവതാരകയായ മനു-എൽറിയ ദമ്പതികൾ എന്നിവർ യുവജനങ്ങളോട് സംവദിച്ചു.

കെ.സി.വൈ.എം. രൂപത അസി. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, കെ.സി. വൈ.എം സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി ലിമിന ജോർജ്ജ് എന്നിവർ പ്രോഗ്രാം നിയന്ത്രിച്ചു. സാങ്കേതിക സഹകരണങ്ങൾ നൽകിയ കെ.സി.വൈ.എം. മുൻ രൂപത ഭാരവാഹി ആന്റണി ജോയിക്കും സർജു കുളപുറത്തിനും കോടഞ്ചേരി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിലിനും, ഫാ. മാത്യു കോട്ടയ്ക്ക ലിനും, രൂപത സമിതി അംഗങ്ങൾക്കും, രൂപത ആനിമേറ്റർ സി. ഷാർലറ്റിനും, കോട ഞ്ചേരിയിലെ യുവജനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

### 'ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' ക്യാംപെയിൻ

നഷ്ടപ്പെട്ടുപോകുന്ന പാരമ്പര്യങ്ങളെ തിരികെ പിടിക്കുന്നതിന് ഭാഗമായി 'ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' ക്യാംപെയിന് സെപ്റ്റംബർ 28 ന് തുടക്കമായി. ഈ ക്യാംപെയിനോട് സഹകരിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

### കർത്താവിനെ തേക്കുന്നവരോട് വീഡിയോ പ്രകാശനം

കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ വിശ്വാസത്തിന് അംഗീകാരത്തിനെതിരെ രൂപതയുടെ നിലപാടറിയിക്കുന്ന 'കർത്താവിനെ തേക്കു ന്നവരോട്' വീഡിയോ പ്രകാശനം സെപ്റ്റംബർ 30 ന് ബ്രൈന്റ് യൂത്ത് മീറ്റ് വേദി യിൽ മോൺ. ജോൺ ഒറവുങ്കര നിർവ്വഹിച്ചു. ലവ് ജിഹാദ്, ഇതരമത പ്രണയം എന്നിവയ്ക്കെതിരെയുള്ള ശക്തമായ പ്രമേയം ദൈവജനത്തിലേക്കെത്തിക്കാൻ ഇതിലൂടെ സാധിച്ചു.

### മറ്റു പ്രവർത്തനങ്ങൾ

- വട്ടായിലച്ചന് പിന്തുണ പ്രഖ്യാപിച്ചു. വ്യക്തമായ സഭാത്മക എന്ന നിലപാട് സോഷ്യൽ മീഡിയായിലൂടെ അറിയിച്ച ഫാ. സേവ്യർ ഖാൻ വട്ടായിലച്ചന് സെപ്റ്റംബർ 19 ന് പിന്തുണ അറിയിച്ചു.
- ഓണത്തിന് സന്ദേശം നൽകിയതിൽ വാമനനെ തരം താഴ്ത്തി എന്നാരോപിച്ച് മാപ്പ് പറയിക്കുകയും അത് സോഷ്യൽ മീഡിയായിലൂടെ പ്രചരിപ്പിക്കുകയും ചെയ്ത മതസംഘടനയ്ക്കെതിരെയും കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥർക്കെ തിരെയും നടപടി ആവശ്യപ്പെട്ടുകൊണ്ടും സി. റീത്ത സി.എം.സി. ക്ക് പിന്തുണ അറിയിച്ചുകൊണ്ടും സോഷ്യൽ മീഡിയ ക്യാംപെയിൻ നടത്തി.

## ഒക്ടോബർ

### Virtual Hair Handout – കേശദാന പരിപാടി

ക്യാൻസർ രോഗികൾക്ക് വിഗ് നിർമ്മിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി തൃശൂർ അമല മെഡിക്കൽ കോളേജുമായി സഹകരിച്ചുകൊണ്ട് ഒക്ടോബർ 10 ന് Virtual

Hair Handout പ്രോഗ്രാം താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ നാഷണൽ വുമൺ അച്ചീവർ അവാർഡ് കരസ്ഥമാക്കിയ ശ്രീമതി മേരി നീതു മുഖ്യാതിഥിയായിരുന്നു. ഇതുവരെ 110 പേർ തങ്ങളുടെ മുടി മുറിച്ച് ദാനം ചെയ്തിട്ടുണ്ട്. രൂപത വൈസ് പ്രസിഡന്റ്, പെരിന്തൽമണ്ണ ഇടവകാംഗം ലിറ്റീഷ ജോഷി പ്രോഗ്രാമിന് നേതൃത്വം നൽകി. ഇനിയും അനേകം പേർ ഈ പരിപാടിയോട് സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നതിനാൽ ഹെയർ ഡോണേഷൻ ക്യാമ്പയിൽ തുടരാൻ തീരുമാനിച്ചിരിക്കുന്നു. മുടി ദാനം ചെയ്ത എല്ലാവർക്കും കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി. സഹകരിച്ച മേഖല, യൂണിറ്റ് ഡയറക്ടർമാർക്കും മേഖല, യൂണിറ്റ് ആനിമേറ്റർമാർക്കും ഒരുപാട് നന്ദി.

### ഫാ. സ്റ്റാൻ സ്വാമിയുടെ അറസ്റ്റിനെതിരെ പ്രിതഷേധ ജ്വാല

വർഷങ്ങളായി ജാർഖണ്ഡിലെ ആദിവാസി ജനസമൂഹങ്ങളുടെ ഭൂമി, വന സംരക്ഷണ സമരങ്ങളിലും തുല്യവേതനം തേടിയുള്ള പോരാട്ടങ്ങളിലും സജീവമായിരുന്ന ഫാ. സ്റ്റാൻ സ്വാമിയെ അകാരണമായി അറസ്റ്റ് ചെയ്ത ഭരണകൂട ഭീകരതയ്ക്കെതിരെ ഒക്ടോബർ 18 ഞായറാഴ്ച രൂപതയുടെ വിവധ യൂണിറ്റുകളിൽ പ്രതിക്ഷേധ ജ്വാല തെളിയിച്ചു. മരഞ്ചാട്ടി, മാലാപറമ്പ് യൂണിറ്റുകളുടെ പ്രതിഷേധ വീഡിയോകൾ ശ്രദ്ധേയമായി. സഹകരിച്ച എല്ലാ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും യുവജനങ്ങൾക്കും നന്ദി.

### പാരീസ് സംഭവത്തിൽ പ്രതിഷേധിച്ചു

പാരീസിൽ മതിനിന്ദ ആരോപിച്ച് സാമുവൽ പാട്ടി എന്ന ചരിത്ര അദ്ധ്യാപകനെ സ്കൂളിന് സമീപം വച്ച് കഴുത്തറുത്ത് കൊലപ്പെടുത്തിയതിൽ സംഘടന പ്രതിഷേധം അറിയിച്ചു.

### ജപമാല സന്ധ്യ – മേഖല തലത്തിൽ കൊന്ത നമസ്കാരം

ജപമാല മാസത്തോടനുബന്ധിച്ച് ഒക്ടോബർ മാസം 18 മുതൽ 30 വരെ മേഖലകളുടെ നേതൃത്വത്തിൽ 13 ദിവസത്തെ ജപമാല സന്ധ്യ നടത്തി. ഗൂഗിൾ മീറ്റ് വഴി മേഖലകളിൽ നിന്നും 1200 ഓളം യുവജനങ്ങൾ ജപമാല സന്ധ്യയിൽ പങ്കെടുത്തു. ആരാധന, ജപമാല, ഡയറക്ടർമാരുടെ സ്പിരിചൽ ടോക്ക്, സൗഹൃദ സംഭാഷണവേദി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഒരു മണിക്കൂർ നീളുന്ന ജപമാല സന്ധ്യ മേഖലകളിൽ സംഘടിപ്പിക്കപ്പെട്ടത്. നേതൃത്വം നൽകിയ മേഖല ഡയറക്ടർ അച്ചന്മാർക്കും, മേഖല ആനിമേറ്റേഴ്സിനും, മേഖല ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

### മറ്റു പരിപാടികൾ

- ഒക്ടോബർ 1 ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാ

നിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ പിതാവിനോടൊപ്പം താമരശ്ശേരി ബിഷപ്പ്സ് ഹൗസിൽ വച്ച് ആഘോഷിച്ചു.

- Save EWS Campaign – ഒക്ടോബർ 21–ാം തീയതി ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളുടെ 80 % തട്ടിയെടുത്ത് അനുഭവിക്കുന്നവർ എന്തിനാണ് സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഭരണഘടനാപരമായ അവകാശങ്ങൾക്കെതിരെ മുറവിളികൂട്ടുന്നത് എന്ന ചോദ്യം ഉന്നയിച്ച് EWS സംവരണത്തിനെതിരെ നടക്കുന്ന ചില സംഘടനകളുടെ പ്രതിക്ഷേധങ്ങൾക്കെതിരെ പ്രതികരണവേദി സംഘടിപ്പിച്ചു.
- ഒക്ടോബർ 22 ന് ഫ്രാൻസിസ് പാപ്പയുടെ പേരിൽ മാധ്യമങ്ങൾ നടത്തുന്ന വ്യാജപ്രചാരണത്തിനെതിരെ സമൂഹമാധ്യമങ്ങളിലൂടെ പ്രതിഷേധം നടത്തി.

## അറിയിപ്പുകൾ

### 1 മേഖല രചന മത്സരം

ഒക്ടോബർ മാസം 25–ാം തീയതി മേഖല കലോത്സവം നടത്തപ്പെട്ടു. തിരഞ്ഞെടുക്കപ്പെടുന്നവ രൂപതാ തലത്തിൽ വിലയിരുത്തി റിസൾട്ടുകൾ പ്രഖ്യാപിക്കുന്നതാണ്. നവംബർ മാസം 10 ന് രചനാ മത്സര ഫലങ്ങൾ സംസ്ഥാനത്തേക്ക് നൽകേണ്ടതുണ്ട്.

### 2 രൂപത കലോത്സവം, സംസ്ഥാന കലോത്സവം

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ വിപുലമായ ഒരു കലോത്സവം നടത്താൻ സാധിക്കാത്തതിനാൽ കഴിഞ്ഞ വർഷം സംസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെയും ഗ്രൂപ്പുകളെയും ഇത്തവണ സംസ്ഥാന മത്സരത്തിനായി പരിഗണിക്കുകയാണ്. ഇവരുടെ പെർഫോമൻസ് വീഡിയോ സംസ്ഥാനത്തേക്ക് അയച്ചുകൊടുക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഒന്നാം സ്ഥാനം ലഭിച്ചവർക്ക് അസൗകര്യങ്ങളുണ്ടെങ്കിൽ രണ്ടാം സ്ഥാനക്കാരെയും മൂന്നാം സ്ഥാനക്കാരെയും പരിഗണിക്കാവുന്നതാണ്. ഡയറക്ടർ അച്ചന്മാരുടെയും ആനിമേറ്റർമാരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ്

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സിന്റെ നാലാമത്തെ ക്ലാസ്സ് ഒക്ടോബർ പത്താം തീയതി ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.30 വരെ നടത്തി. പ്രസിദ്ധ ബൈബിൾ പണ്ഡിതനായ മൽപ്പാൻ ഡോ. മാത്യു വെള്ളാനിക്കൽ അച്ചനാണ് ക്ലാസ് നയിച്ചത്. 'വിശുദ്ധ കുർബാന വിശുദ്ധ ഗ്രന്ഥ വെളിച്ചത്തിൽ' എന്നതായിരുന്നു വിഷയം. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 230 ഓളം പേർ സൂം മീറ്റിലൂടെ ക്ലാസിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം ആണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. താത്പര്യമുള്ള ആർക്കും ഇതിൽ സംബന്ധിക്കാം.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.30 വരെയാണ് ക്ലാസ് സമയം. താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരം ഉണ്ട്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

ഈ ക്ലാസിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി.എം.ഒ.സി. ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## മാർ കരിയാറ്റിൽ സുറിയാനി അക്കാദമി

നമ്മുടെ ആരാധനാ ഭാഷയായ സുറിയാനിയെ അറിയാനും സ്നേഹിക്കാനും സുറിയാനി, ത്തക്സ, ഗീതങ്ങൾ തുടങ്ങിയവ പരിചയപ്പെടാനും രൂപതാ ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ മാർ കരിയാറ്റിൽ സുറിയാനി അക്കാദമി ആരംഭിച്ചു. ആദ്യഘട്ടമെന്ന നിലയിൽ രൂപതയിലെ ബഹു. അച്ചന്മാർക്ക് വേണ്ടി ക്ലാസ്സുകൾ തുടങ്ങി. നിലവിൽ 39 പേരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വിവിധ മേജർ സെമിനാരികളിലെ അധ്യാപകനും വടകര പള്ളി വികാരിയുമായ ഡോ. മാത്യു കുളത്തിങ്കലച്ചനാണ് ക്ലാസ്സ് നയിക്കുന്നത്. എല്ലാ തിങ്കളാഴ്ചയും വൈകു. 6 മണിമുതൽ 7.30 വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ്സ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

### അഖണ്ഡജപമാവ നടത്തി

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2 ന് കോവിഡ് മഹാമാരി ഈ ലോകത്തിൽ നിന്ന് ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ അഖണ്ഡജപമാലയും വിശുദ്ധ കുർബാനയും നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രസിഡന്റ് സജീവ് പുരയിടത്തിൽ, ആനിമേറ്റർ സി. റോസ് മേരി സി.എം.സി., ഫാ. ബിജോ പനച്ചിക്കൽ, എന്നിവർ നേതൃത്വം നൽകി കോവിഡ് പ്രോട്ടോകോളനുസരിച്ച് 60 ഓളം പേർ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുത്തു.

### അടുക്കളത്തോട്ട മത്സരം

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫിന്റെയും ഇൻഫാമിന്റെയും ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ അടുക്കളത്തോട്ട പച്ചക്കറി കൃഷി രൂപതാതല മത്സരം സംഘടിപ്പിക്കുന്നു. നവംബർ 1 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നു. മത്സരം ആരംഭിക്കുന്നത് ഡിസംബർ 1–ാം തീയതിയാണ്. മത്സരം ആരംഭിക്കുന്നതിന് തലേദിവസം വരെ മാത്രമേ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ. തോട്ടങ്ങളുടെ വിലയിരുത്തൽ നടത്തി വിജയികളെ പ്രഖ്യാപിക്കുന്നത് ഫെബ്രുവരി 15 2021 നു ശേഷമായിരിക്കും. അഞ്ച് സെന്റ് സ്ഥലത്തിൽ താഴെയാണ് തോട്ടം ക്രമീകരിക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 100 രൂപയായിരിക്കും. ഒന്നാം സമ്മാനം 15000 രൂപ, രണ്ടാം സമ്മാനം 10000 രൂപ, മൂന്നാം സമ്മാനം 7500 രൂപ, കൂടാതെ മത്സരാർത്ഥികളിൽ നിന്ന് നറുക്കിട്ട് ഒരാൾക്ക് 5000 രൂപ പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും. നിബന്ധനകൾ പിന്നീട് വൈദികരെയും പങ്കെടുക്കുന്നവരെയും അറിയിക്കുന്നതായിരിക്കും. ഉദ്ഘാടനം ഡിസംബർ 1 ന് താമരശ്ശേരി രൂപതാഭവനിൽ വച്ച് രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിക്കുന്നതാണ്.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്

# ഇൻഫാം

ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ സംഘങ്ങളെ രൂപീകരിക്കുന്നതിനുവേണ്ടി ഒരു ഇടവകയിൽ നിന്ന് 5 കർഷകരുടെ ലിസ്റ്റ് അയക്കാൻ വികാരിയച്ചന്മാരോട് ആവശ്യപ്പെട്ട പ്രകാരം 35 ഇടവകകളിൽ നിന്ന് ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. സഹകരിച്ച വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി. പ്രോ-ലൈഫിന്റെയും ഇൻഫാമിന്റെയും ആഭിമുഖ്യത്തിൽ നടക്കുന്ന അടുക്കളത്തോട്ട മത്സരത്തിന് നേതൃത്വം നൽകേണ്ടത് ഇട

വകയിൽ നിന്ന് തെരഞ്ഞെടുത്ത 5 കർഷക പ്രതിനിധികളാണെന്ന കാര്യം വികാരിയച്ചന്മാർ അവരെ അറിയിക്കുമല്ലോ. കൂടാതെ ഓഫീസിൽ നിന്ന് അവരെ ഫോൺ വഴി അറിയിക്കുന്നതായിരിക്കും. ഇനിയും ലിസ്റ്റ് അയച്ചുതരാത്ത അച്ചന്മാർ അത് അയച്ചുതരാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# മദ്യവിരുദ്ധ സമിതി

## രൂപത ഓഫീസ് വെഞ്ചരിപ്പ്

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റി ഓഫീസിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി. താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിപ്പ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും തുടർന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. രൂപത ഡയറക്ടർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രവർത്തകരുടെ ചിരകാല സ്വപ്നമാണ് രൂപത ഭവനിലുള്ള ആസ്ഥാന ഓഫീസിന്റെ ഉദ്ഘാടന കർമ്മത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്. രൂപത പ്രസിഡണ്ട് ശ്രീ കുര്യൻ ചെമ്പനാനി, സംസ്ഥാന സെക്രട്ടറി ശ്രീ രാജൻ ഉറുമ്പിൽ, രൂപത ആനിമേറ്റർ സിസ്റ്റർ ആഗ്നസ് ജോസഫ്, രൂപത ജനറൽ സെക്രട്ടറി ശ്രീ ജോളി ഉണ്ണിയേപ്പിള്ളിൽ, ട്രഷറർ ശ്രീ ജോസ് കാവിൽപുരയിടം, എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ശ്രീ കെ. സി. ടോമി തുടങ്ങിയവർ സംസാരിച്ചു.

## ലഹരി വ്യാപനത്തിന് എതിരെ നിൽപ്പ് സമരം നടത്തി

വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ വ്യാപനവും അതിനോടനുബന്ധിച്ച് നടക്കുന്ന വൻ ദുരന്തങ്ങളും തുടർക്കഥയായി മാറുന്ന സാഹചര്യത്തിൽ ഇവയ്ക്കെതിരെ സർക്കാറിന്റെ ശക്തമായ നടപടികൾ ഉണ്ടാകണമെന്നും, കൊവിഡ് എന്ന മഹാമാരിയുടെ ഈ സമയത്ത് ബാറുകൾ പൂർണ്ണമായും അടച്ചു പൂട്ടി ജനങ്ങളുടെ ജീവന് സുരക്ഷിതത്വം ഉറപ്പാക്ക ണമെന്ന ആഹ്വാനവുമായി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റി അംഗങ്ങൾ ഓഫീസിന് മുമ്പിൽ നില്പ് സമരം നടത്തി. രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിൽപ്പ് സമരം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ, രൂപത ഭാരവാഹികൾ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സമരത്തിൽ പങ്കെടുത്തു.

### ലഹരിവിരുദ്ധ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു

ലഹരി വ്യാപാരത്തിനെതിരെ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. താമരശ്ശേരി എക്സൈസ് റേഞ്ച് ഓഫീസിന് മുമ്പിൽ നടത്തിയ പ്രതിഷേധ ധർണ്ണ രൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് കുര്യൻ ചെമ്പനാനി, സംസ്ഥാന സെക്രട്ടറി രാജൻ ഉറുമ്പിൽ, ജോളി ഉണ്ണിയെപ്പിള്ളിൽ, ജോസ് കാവിൽ പുരയിടം തുടങ്ങിയവർ ധർണ്ണയിൽ പങ്കെടുത്തു.

### ലിക്വർ ക്വിറ്റ് കേരള ക്യാമ്പയിൻ നടത്തി

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന കമ്മീഷന്റെ ആഹ്വാനപ്രകാരം രൂപതയിൽ 'ലിക്വർ ക്വിറ്റ്' കേരള ക്യാമ്പയിൻ നടത്തി. രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. രൂപത ഭാരവാഹികളും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ക്യാമ്പയിന്റെ ഭാഗമായി ഗൂഗിൾ ഫോമിൽ രജിസ്ട്രേഷൻ നടത്തി. ചടങ്ങിൽ രൂപത ഡയറക്ടർ അധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് കുര്യൻ ചെമ്പനാനി, രാജൻ ഉറുമ്പിൽ, ജോളി ഉണ്ണിയേപ്പിള്ളിൽ, സിസ്റ്റർ ആഗ്നസ്, ജോസ് കാവിൽപുരയിടം, ടോമി കെ. സി. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

## മാതൃവേദി

### രൂപത എക്സിക്യൂട്ടീവ്

ഒക്ടോബർ പതിനാലാം തിയ്യതി രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ഗൂഗിൾ മീറ്റിലൂടെ നടന്നു. സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഒക്ടോബർ, നവംബർ മാസങ്ങളിലായി നടത്തേണ്ട പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

### തിരുരക്ത ജപമാല

സെപ്റ്റംബർ പതിനെട്ടാം തിയ്യതി 11 മേഖലകളിലെയും വാട്സാപ്പ് ഗ്രൂപ്പുകൾ വഴി 24 മണിക്കൂർ അഖണ്ഡ തിരുരക്ത ജപമാല പ്രാർത്ഥന നടത്തി.

### അഖണ്ഡ ജപമാല

ജപമാല മാസത്തോടനുബന്ധിച്ച് ഒക്ടോബർ 1 മുതൽ 31 വരെ വിവിധ മേഖലകളുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാല നടന്നുവരുന്നു. ഒന്നുമുതൽ നാലു വരെ താമരശ്ശേരി മേഖല, 4 മുതൽ 7 വരെ പാറോപ്പടി മേഖല, 7 മുതൽ 10 വരെ കോടഞ്ചേരി മേഖല, 10 മുതൽ 13 വരെ കൂരാച്ചുണ്ട് മേഖല, 13 മുതൽ 16 വരെ മരുതോങ്കര മേഖല, 16 മുതൽ 19 വരെ കരുവാരകുണ്ട് മേഖല, 19 മുതൽ 22 വരെ പെരിന്തൽമണ്ണ മേഖല, 22 മുതൽ 25 വരെ തിരുവമ്പാടി മേഖല, 25 മുതൽ 27 വരെ മലപ്പുറം മേഖല, 27 മുതൽ 29 വരെ വിലങ്ങാട് മേഖല, 29 മുതൽ 31 വരെ തോട്ടുമുക്കം മേഖല എന്നീ ക്രമത്തിലാണ് അഖണ്ഡ ജപമാലക്ക് മേഖലകൾ നേതൃത്വം നൽകി വരുന്നത്.

### ലികർ കിറ്റ് ചലഞ്ച്

താമരശ്ശേരി രൂപത മദ്യ വിരുദ്ധസമിതിയുടെ നേതൃത്വത്തിൽ നടന്ന ലികർ കിറ്റ് ചലഞ്ചിൽ രൂപതയിലെ അമ്മമാരും പങ്കെടുത്തു.

### വെബിനാർ: കോവിഡ്ക്കാല മാതൃത്വം

രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ അമ്മമാർക്കും ആയി വെബിനാർ നടത്തി. സെപ്റ്റംബർ 27-ാം തീയ്യതി നടന്ന വെബിനാർ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. 'കോവിഡ് കാല മാതൃത്വം' എന്ന വിഷയത്തെക്കുറിച്ച് സൈക്കോളജിസ്റ്റും അൽഫോൻസാ കോളജ് സൈക്കോളജി ഡിപ്പാർട്ട്മെന്റ് മേധാവിയുമായ ഡോക്ടർ ഗീതിൻ വി. ജി. സെമിനാർ അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ, ഫാ. തോമസ് മലപ്രവനാൽ, ഫാ. ജോസഫ് ചിറത്തലയ്ക്കൽ, സിസ്റ്റർ ഫിലോ SABS, ദീപ റെജി, ട്രീസ സെബാസ്റ്റ്യൻ, ജയ്മോൾ കാവിൽപുരയിടത്തിൽ എന്നിവർ നേതൃത്വം നൽകി.

### മരിയൻ ക്വിസ്

രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടക്കുന്ന മരിയൻ ക്വിസ് രണ്ടാം ഘട്ട മത്സരവും പൂർത്തിയായി. ആറ് പേരാണ് ഫൈനൽ റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഫൈനൽ മത്സരങ്ങൾ നവംബർ മാസത്തിൽ നടക്കുന്നതാണ്.

### ഫ്രതേല്ലി തൂത്തി (ഏവരും സോദരങ്ങൾ)

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ഏറ്റവും പുതിയ ചാക്രിക ലേഖനം ആയ ഫ്രതേല്ലി തൂത്തി (ഏവരും സോദരങ്ങൾ) യുടെ മലയാള പരിഭാഷ അമ്മമാർക്ക് പഠനത്തിനായി നൽകി.

### കൈത്താങ്ങ്

രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള പാവപ്പെട്ട കുടുംബങ്ങളെ കണ്ടെത്തുകയും അവർക്ക് ആവശ്യമുള്ള വസ്ത്രങ്ങൾ എത്തിച്ചു നൽകുവാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

### നാമഹേതുക തിരുനാൾ ആശംസകൾ

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ രൂപത എക്സിക്യൂട്ടീവും മറ്റ് അമ്മമാരും ചേർന്ന് ഗൂഗിൾ മീറ്റിലൂടെ പിതാവിന് ആശംസകൾ അറിയിച്ചു.

### ന്യൂനപക്ഷ സ്കോളർഷിപ്പ് അവബോധനം

ന്യൂനപക്ഷ വിദ്യാർഥികൾക്കായുള്ള വിവിധ സ്കോളർഷിപ്പുകളെ കുറിച്ചുള്ള അവബോധം മാതാപിതാക്കളിൽ ഉണ്ടാക്കുവാനായി മാതൃവേദിയുടെ നേതൃത്വത്തിൽ പ്രത്യേക കർമപദ്ധതി തന്നെ ആരംഭിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി ഒക്ടോബർ മാസത്തിൽ അപേക്ഷിക്കേണ്ട സ്കോളർഷിപ്പുകളെ കുറിച്ചുള്ള വിശദ വിവരങ്ങൾ എല്ലാ ഇടവകകളിലും എത്തിക്കുന്നതിനായുള്ള നിർദേശങ്ങൾ യൂണിറ്റ് ലീഡർമാരെ അറിയിച്ചിട്ടുണ്ട്. തുടർന്ന് മറ്റ് സ്കോളർഷിപ്പുകളെ കുറിച്ചും ആനുകൂല്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി നൽകാൻ വേണ്ട ക്രമീകരണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മാതൃവേദി

## കുടുംബകൂട്ടായ്മ

### ഇടയനോടൊപ്പം ഇടവക പദ്ധതി ശ്രദ്ധേയമായി

രൂപത കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവകകളിൽ നടത്തുന്ന ഇടയനോടൊപ്പം ഇടവക എന്ന കുടുംബസംഗമ പദ്ധതി ശ്രദ്ധേയമായി. അഭിവന്ദ്യ പിതാവ് ഇടവകയിലെ കുടുംബങ്ങളുമായി വികാരിയച്ചന്റെ സാന്നിധ്യത്താൽ ഗൂഗിൾ മീറ്റിലൂടെ സംവദിക്കുന്ന ഈ പദ്ധതി കോവിഡ് കാലത്തെ സാമൂഹിക അകലങ്ങളിലും സൗഹൃദം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. കോവിഡ് കാലത്തെ പ്രതിസന്ധികൾക്കിടയിലും ഓരോ ഇടവകയിലെയും കുടുംബ കൂട്ടായ്മകളെ ശാക്തീകരിക്കുകയും സജീവമാക്കുകയും ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടനം കരികണ്ടൻപാറ ഇടവകയിൽ നടത്തി. ഫാ. ജോമോൻ പാട്ടശ്ശേരിൽ, ഫാ. മാത്യുകോട്ട

ക്കൽ, രൂപത ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ, ഇടവക വികാരി ഫാ. മാത്യു കരിയിൽ, രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ തുടങ്ങിയവർ നേതൃത്വം നൽകി.

കോട്ടക്കൽ ഇടവകയിൽ നടത്തിയ സംഗമം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ, ഇടവക വികാരി ഫാ. ജോസഫ് ചുണ്ടയിൽ, ഫാ. മാത്യു കോട്ടക്കൽ എന്നിവർ നേതൃത്വം നൽകി. മറ്റ് ഇടവകകളിലും ഈ പരിപാടി തുടരുന്നതായിരിക്കും.

### കുരിശിനോടുള്ള അവഹേളനത്തിൽ പ്രതിഷേധിച്ചു

കക്കാടംപൊയിൽ ഇടവയുടെ വാളം തോടിലുള്ള കുരിശുമലയിൽ സ്ഥാപിച്ചിരുന്ന കുരിശിൽ കയറി കുരിശിനെ അപമാനിക്കുകയും, നവമധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുകയും ചെയ്ത സാമൂഹിക വിരുദ്ധരുടെ നടപടിയിൽ കുംബകൂട്ടായ്മ രൂപത കമ്മിറ്റി പ്രതിഷേധിച്ചു. വിശ്വാസികൾ വണങ്ങുന്ന കുരിശിനെ അവഹേളിച്ച നടപടി അറിയാതെ സംഭവിച്ചതല്ലെന്നും, എന്തും ചെയ്യാമെന്ന ചില അരാജകത്വവാദികളുടെ അഹങ്കാര മനോഭാവത്തിന്റെ പ്രകടനമാണെന്നും യോഗം വിലയിരുത്തി. എല്ലാവരുടെയും മതവിശ്വാസത്തെയും മതചിഹ്നങ്ങളെയും ബഹുമാനിക്കണം എന്ന സാമാന്യയുക്തി ഇല്ലാത്തവരാണ് കുരിശിൽ കയറി അധിക്ഷേപം നടത്തിയതെന്ന് കരുതാനാകില്ല. ലഹരിയുടെ മറ പറ്റി ഇത്തരം അധിക്രമങ്ങൾ നടത്തുന്നവരുടെ അഴിഞ്ഞാട്ടം കൊണ്ട് മലയോര മേഖലകളിലെ സാധാരണ ജനങ്ങളുടെ സ്വൈര്യ ജീവിതം തകരുന്ന അവസ്ഥയാണ്. ഇത്തരം തിന്മകൾക്കെതിരെ പൊതു സമൂഹം ജാഗ്രത പുലർത്തണമെന്നും ഇനിയും ഇത്തരം അധിക്രമങ്ങൾ ഉണ്ടാകാതിരിക്കാൻ അധികൃതർ സത്വര നടപടികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോമോൻ പാട്ടശ്ശേരിൽ, ഫാ. മാത്യു കോട്ടക്കൽ, സെക്രട്ടറി സണ്ണി കൂഴമ്പാല, ജോസ് കുഴുമ്പിൽ, ആനിയമ്മ മുള്ളൻകുഴി, ആഗ്നസ് ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

COVID19 നോട് ബന്ധപെട്ട് നടന്നുവരുന്ന ലോക്ക് ഡൗണും കണ്ടയ്മെന്റ്സോണുകളും എല്ലാം വിൻസെഷ്യൻ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും എല്ലാ കോൺഫ്രൻസുകളും സാധിക്കുന്നവിധത്തിൽ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു.

പൂഴിത്തോട് ഇടവകാംഗവും വിൻസെഷ്യനുമായ ബ്രദർ ചാക്കോയുടെ നിര്യാണത്തെ തുടർന്ന്, ആ കുടുംബത്തെ സന്ദർശിച്ച് സാമ്പത്തിക സഹായം ചെയ്യുകയുണ്ടായി. തദവസരത്തിൽ ഇടവക വികാരി ജോസഫ് മണ്ണഞ്ചേരിലച്ചനും അദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. തോമസ് നാഗപറമ്പിലച്ചനും സി.സി., എ.സി, തലത്തിലെ പ്രവർത്തകരും സന്നിഹിതരായിരുന്നു.

മരുതോങ്കര ഫൊറാന പള്ളിയിലെ വനിതാ കോൺഫ്രൻസിലേക്ക് പുതിയതായി ചേർന്ന അംഗങ്ങളെ, വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ, സന്ദർശിച്ച് അവർക്ക് സംഘടനാതലത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ, സി.സി. യുടെ സീനിയർ വൈസ്പ്രസിസന്റ് ബ്രദർ സിറിയക്ക് പാലംതട്ടേൽ നൽകുകയുണ്ടായി.

സെംപ്തബർ 9 ന് വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ തിരുന്നാൾ ദിവ്യബലി അർപ്പിച്ച്, സമുചിതമായി ഓരോ ഇടവകയിലും ആഘോഷിച്ചു.

സെംപ്തബർ 27 ന് വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുന്നാൾ ദിനത്തിൽ, രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ പൂല്ലുരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വിശുദ്ധ കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകുകയുണ്ടായി. ധാരാളം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഓൺലൈനിൽ, അവരുടെ വീടുകളിൽ, ഇരുന്ന് ദിവ്യബലിയിൽ പങ്കെടുത്തു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

### 2020 ഒക്ടോബർ മാസത്തെ റിപ്പോർട്ട്

കോഴിക്കോട് സോണിലെ ദമ്പതി കൂട്ടായ്മയുടെ സർവ്വീസ് ടീം 19.9.202 ന് കൂടുകയും ഈ കാലഘട്ടത്തിന് ഏറ്റവും ആവശ്യമായ 48 മണിക്കൂർ തുടർച്ചയായ അഖണ്ഡജപമാല സെപ്റ്റംബർ 25 ന് ആരംഭിച്ച് 27 ന് സമാപിച്ചു. പ്രത്യേക നിയോഗമായി കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും, ഗർഭസ്ഥ ശിശുക്കൾക്കുവേണ്ടിയും കുടുംബങ്ങൾ ഒരുമിച്ചും ദമ്പതികൾ ഒരുമിച്ചും പ്രാർത്ഥിക്കാൻ സാധിച്ചു. ഇതിനു നേതൃത്വം നൽകിയ ദമ്പതികൂട്ടായ്മ കോർഡിനേറ്റർ അബ്രോസ് & സെൽവി അബ്രോസ് ആലപ്പാട്ടിനു പ്രത്യേകം നന്ദി അറിയിക്കുന്നു. സെപ്റ്റംബർ 20 ന് തൂവന്നിസ സർവ്വീസ് ടീം രൂപീകരിച്ച് സ്ത്രീ ശക്തീകരണത്തിന് ആവശ്യമായ പ്ലാനിംഗ് നടത്തി. തൂവന്നിസ കോർഡിനേറ്ററായി റെജി ഫ്രാൻസിസ് മുണ്ടപ്ലാക്കലിനെ തിരഞ്ഞെടുത്തു.

സെപ്റ്റംബർ 22 ന് സബ്സോൺ കോർഡിനേറ്റേഴ്സിന്റെയും മിനിസ്ട്രി കോർഡിനേറ്റേഴ്സും ഗൂഗിൾ മീറ്റിലൂടെ ഒരുമിച്ചുകൂടി ഒക്ടോബർ മാസം മുഴുവനും 24 മണിക്കൂറും ജപമാല സമർപ്പണത്തിനായി പ്ലാനിംഗ് നടത്തി.

ഒക്ടോബർ 1 ന് ആരംഭിച്ച് ജപമാല ഇതുവരെ മുടങ്ങാതെ നടന്നുകൊണ്ടിരിക്കുന്നു. പങ്കെടുത്ത എല്ലാവർക്കും വലിയ ദൈവാനുഗ്രഹത്തിന്റെ നിമിഷങ്ങളായിരുന്നു. പറമ്പിൽ ജോലിക്കിടയിലും പാറമേൽ മുട്ടുകുത്തി ജപമാല അർപ്പിച്ച (ടോമി കുഴുമ്പിൽ, കക്കാടംപൊയിൽ) വർക്കും വേറിട്ട അനുഭവമായിരുന്നു. ഈ ജപമാലയിൽ പ്രത്യേക നിയോഗമായി തിരുസഭയ്ക്കുവേണ്ടിയും, എല്ലാ ഇടവകകളിലും മുതിർന്നവർക്കും, യുവജനങ്ങൾക്കും, കുട്ടികൾക്കും പ്രാർത്ഥനാ ഗ്രൂപ്പ് ഉണ്ടാകാനും കാർഷിക മേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാകാനും, കോവിഡ് പ്രതിസന്ധി മറികടക്കാനുമെല്ലാം. അഖണ്ഡജപമാലയ്ക്ക് നേതൃത്വം നൽകിയ സോണൽ ആനിമേറ്റർ സൈമൺ വള്ളോപ്പിള്ളി അച്ചനും, കോർഡിനേറ്റർ ജോൺസൺ തുണ്ടത്തിൽ സാറിനും, ചേർന്നു പ്രവർത്തിച്ച ഓരോരുത്തർക്കും നന്ദിയും അഭിനന്ദനങ്ങളും.

ഒക്ടോബർ 15 ന് സോണൽ കോർഗ്രൂപ്പ്കൂടി അഖണ്ഡജപമാല സമർപ്പണം 31 ന് രാത്രി 8.30 മുതൽ 10 മണിവരെ കഴിയുന്നത്രപേരെ ഒരുമിച്ച്കൂട്ടി നടത്താനും താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് പിതാവിന്റെ സന്ദേശവും അഭിഷേകപ്രാർത്ഥനയ്ക്കുമായി ഒരുങ്ങുന്നു. നവംബർമാസത്തിൽ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി ജപമാലയും ഒന്നര മണിക്കൂർ ബൈബിൾ വായിച്ച് മാർപാപ്പയുടെ നിയോഗത്തിനായി വിശ്വാസപ്രമാണവും 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ. ചൊല്ലി ദണ്ഡവിമോചനത്തിനായി പ്രാർത്ഥിക്കാനും നവംബർ മാസത്തിലെ ഒരു

ദിവസം ഇടവകകളിൽ പ്രാർത്ഥനാദിനമായും ആചരിക്കാനും തീരുമാനിച്ചു. ഒക്ടോബർ 18 ന് സോണൽ സർവ്വീസ് ടീമും, 19 ന് സബ്സോൺ കോർഡിനേറ്റേഴ്സും ഗൂഗിൾമീറ്റിലൂടെ ഒരുമിച്ചുകൂട്ടി എല്ലാകാര്യങ്ങളും നന്നായി നടത്തുവാനും തീരുമാനിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# നവസന്ന്യാസിനികൾക്ക് താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ



സി. അലീന
മണിയാംകുളം MSJ



സി. അലിന്റ
ഒറ്റപ്ലാക്കൽ MSJ



സി. അലിഷ
തടത്തിൽപുരയിട
ത്തിൽ MSJ



സി. അഞ്ചു മരിയ
പതിപ്പള്ളിൽ SH



സി. ആതിര
വിലങ്ങുപാറ SH



സി. ദിവ്യ റോസ്
വടക്കേമുറിയിൽ SH

# എ.കെ.സി.സി.

## തിരഞ്ഞെടുപ്പ് പ്രഖ്യാപനം

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി ഒക്ടോബർ 9 ന് 2021–24 വർഷത്തേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിനോടനുബന്ധിച്ച് യൂണിറ്റ്, മേഖല, രൂപതാതല തിരഞ്ഞെടുപ്പുകൾ പൂർത്തിയാക്കേണ്ടതുണ്ട്. കോവിഡ് സംബന്ധമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും വികാരിയച്ചൻമാരുടെയും ഭാരവാഹികളുടെയും സഹകരണത്തോടെ മെമ്പർഷിപ് പുതുക്കലും മെമ്പഷിപ് ചേർക്കലും തിരഞ്ഞെടുപ്പും തടസങ്ങളില്ലാതെ നടത്താനാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഡിസംബർ മാസം 30 ന് മുമ്പായി യൂണിറ്റ് തലത്തിലുള്ള ഇലക്ഷൻ പൂർത്തിയാക്കാനാണ് നിർദ്ദേശം. ജനുവരി മാസം 7 ന് മുമ്പായി ഭാരവാഹികളുടെയും മെമ്പേഴ്സിന്റെയും ലിസ്റ്റ് രൂപതാ സമിതിക്ക് കൈമാറേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. ഒരു യൂണിറ്റിൽ കുറഞ്ഞത് 25 അംഗങ്ങൾ ഉണ്ടെങ്കിൽ മാത്രമേ യൂണിറ്റ് ആയി പ്രഖ്യാപിക്കപ്പെടുകയുള്ളൂ. നിലവിലുള്ള ഭാരവാഹികളെയും രൂപതസമിതിയുടെ വരും വർഷങ്ങളിലെ പ്രോജക്ടുകളിലേക്ക് അനുയോജ്യരായവരെ ഉൾപ്പെടുത്തിക്കൊണ്ടും ഇടവകയിൽ മുമ്പ് കെ.സി.വൈ.എം. പോലുള്ളസംഘടനകളിൽ പ്രവർത്തിച്ച് ഇപ്പോൾ പ്രവർത്തന രംഗത്തുനിന്ന് മാറി നിൽക്കുന്നവരെയും സമുദായ സ്നേഹികളാവരെയും ഉൾക്കൊള്ളിച്ചു കൊണ്ട് മെമ്പർഷിപ് പൂർത്തിയാക്കാമെന്ന് കരുതുന്നു.
2. വരുന്ന 3 വർഷത്തേക്കുള്ള ഭാരവാഹികളെയാണ് ഈ ഇലക്ഷനിൽ പ്രഖ്യാപിക്കുന്നത്. ഇടവകയോടും ക്രൈസ്തവ സമുദായത്തോടും സ്നേഹവും ആദരവും പുലർത്തുന്ന സഭാസ്നേഹികളും പ്രവർത്തന ചാതുര്യമുള്ളവരുമായ വ്യക്തികളെ ഭാരവാഹികളായി തിരഞ്ഞെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
3. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, 25 അംഗങ്ങൾക്ക് ഒരു യൂണിറ്റിൽ നിന്നും ഒരു രൂപത പ്രധിനിധി (50 അംഗങ്ങളുണ്ടെങ്കിൽ 2 പ്രതിനിധികൾ) എന്നിങ്ങനെയാണ് പ്രധാന ഭാരവാഹികളെ നിശ്ചയിക്കേണ്ടത്.
4. യൂണിറ്റ് തിരഞ്ഞെടുപ്പുകൾക്ക് ശേഷം ഫെബ്രുവരി 20 ഓടെ ഫൊറോന തല തിരഞ്ഞെടുപ്പും മാർച്ച് 27 ന് മുമ്പായി രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പും പൂർത്തിയാക്കേണ്ടതുള്ളതിനാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ യൂണിറ്റ് തല ഇലക്ഷനുകൾ പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് മെമ്പർഷിപ് ക്യാമ്പയിൽ ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**2020– 2021 വർഷത്തിലെ പ്രാഥമിക പ്രൊജക്ടുകൾ**

1. മെമ്പർഷിപ് ക്യാമ്പയിനോട് അനുബന്ധിച്ചുള്ള 'ഫലസമൃദ്ധി' സൗജന്യ പച്ചക്കറിവിത്ത് വിതരണ പദ്ധതി. മെമ്പർഷിപ്പ് എടുക്കുന്ന എല്ലാവർക്കും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പായ്ക്കറ്റ് സൗജന്യമായി വിതരണം ചെയ്യുന്നു.

2. മാതൃക യൂണിറ്റുകളുടെ രൂപീകരണം: നിലവിൽ ആക്ടീവായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇരുപതോളം യൂണിറ്റുകളിൽ പ്രത്യേകമായി തയ്യാറാക്കിയ പദ്ധതികൾ നടപ്പിലാക്കി ശാക്തീകരിച്ച് മാതൃക യൂണിറ്റുകൾ രൂപീകരിക്കുക.

3. സാമുദായിക വിവരശേഖരണം, ഹെൽപ്പ് ഡെസ്ക് (പുതിയ സമിതിയുടെ ആദ്യ പ്രവർത്തനം)

1. ഇടവകയിലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരണം നടത്തുന്നു.

2. ബി.പി.എൽ. വിഭാഗം, സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾ, ഇ.ഡബ്ളിയു.എസ് ആനുകൂല്യത്തിന് അർഹതയുള്ള കുടുംബങ്ങൾ, കുട്ടികൾ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ഗവൺമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സഹായിക്കുകയും ചെയ്യുക.

3. പ്രളയം-പകർച്ചവ്യാധികൾ എന്നിവയും അനുബന്ധ പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ സഹായം നിർബന്ധമായും എത്തിക്കേണ്ട കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമയോചിതമായ ഇടപെടലുകൾ നടത്തുക.

4. മൈനോരിറ്റി അവകാശങ്ങൾ, സ്കോളർഷിപ്പുകൾ, ലോണുകൾ തുടങ്ങിയുള്ളവയ്ക്ക് അർഹരായവരെ കണ്ടെത്തി സഹായിക്കുക.

   ഹെൽപ് ഡെസ്ക് – ഗവൺമെന്റ് പരമായതും അവകാശത്തിൽ പെട്ടതും ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കുന്നതോ തഴയപ്പെട്ടതോ ആയ അവകാശങ്ങളിൽ വിശ്വാസികൾക്ക് പരാതി സമർപ്പിക്കാനും അതിനനുസരിച്ച് ക്രിയാത്മകമായി രാഷ്ട്രീയ ബന്ധങ്ങൾ, നിലവിലുള്ള ക്രൈസ്തവ ഉദ്യോഗസ്ഥർ, നിയമം, പോലീസ് എന്നിവ വഴിയും മറ്റ് അനുവദനീയമായ വഴികളിലൂടെയും സമുദായ അംഗത്തിന്റെ പ്രശ്നപരിഹാരത്തിനായി യത്നിക്കുന്ന സമിതിയുടെ രൂപീകരണവും പ്രവർത്തനവും. (കൂടാതെ മൈനോരിറ്റി അവകാശങ്ങൾ ആവശ്യക്കാരിൽ എത്തിക്കുക)

   ഈ പദ്ധതികളിൽ സഹായിക്കാൻ കഴിയുന്ന റിട്ടയേർഡ് ഗവൺമെന്റ് ഉദ്യോഗസ്ഥർ, ടീച്ചേഴ്സ് തുടങ്ങിയവരെ മെമ്പർഷിപ് ക്യാമ്പയിനിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

4. **ഹാർട്ട് ലിങ്ക്സ് പദ്ധതി:** സമുദായത്തിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന സഹായസന്നദ്ധതയുള്ള വ്യക്തികളെ യോജിപ്പിച്ചുകൊണ്ട് അടിയന്തര സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സമുദായ അംഗങ്ങളെ സഹായിക്കുന്ന പദ്ധതി. രൂപത തലത്തിൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഒരു ഇടവകയിൽ നിന്ന് കുറഞ്ഞത് 2 അംഗങ്ങളെ എങ്കിലും ഈ ഗ്രൂപ്പിലേക്ക് ചേർക്കാൻ ഉദ്ദേശിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# അൽഫോൻസ കോളേജ് തിരുവമ്പാടി

**ഗ്രീൻ ക്ലബ്:** അൽഫോൻസ കോളേജിലെ ഗ്രീൻ ക്ലബിന്റെ ആഭിമുഖ്യത്തിൽ 15.10.2020 വ്യാഴാഴ്ച നടന്ന ക്വിസ് മത്സരത്തിൽ 66 പേർ പങ്കെടുത്തു. അമ്പത് ശതമാനവും അതിൽ കൂടുതലും മാർക്ക് നേടിയ എല്ലാവർക്കും ഇ–സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. മിസ്. ഷീബാമോൾ ജോസഫ്, മി. അലക്സ് ബെന്നി, മി. ജോജോ കുര്യൻ എന്നിവർ മത്സരത്തിന് നേതൃത്വം നൽകി.

**ഇ.ഡി ക്ലബ് വർക്ഷോപ്പ് :** അൽഫോൻസ കോളേജിൽ ഇ.ഡി ക്ലബിന്റെ ആഭിമുഖ്യത്തിൽ 06.10.2020 വെള്ളിയാഴ്ച ഗൂഗിൾ മീറ്റ് വഴി കേക്ക് നിർമ്മാണത്തെക്കുറിച്ച് വർക്ഷോപ്പ് നടത്തി. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി. ഉദ്ഘാടനം ചെയ്ത വർക് ഷോപ്പിൽ മിസ്. ജിജി ബോബൻ ക്യാരറ്റ് കേക്ക് എങ്ങനെ തയ്യാറാക്കാമെന്നതിനെക്കുറിച്ച് കേക്ക് നിർമ്മിച്ചുകൊണ്ട് വിശദീകരിച്ചു. പ്രസ്തുത പരിശീലനം വിദ്യാർത്ഥികൾക്ക് ഒരു പുതിയ അനുഭവം ആയിരുന്നു. വൈസ് പ്രിൻസിപ്പൽ, ഇ.ഡി. ക്ലബ് കോഡിനേറ്റർ, അധ്യാപകർ, ഇ.ഡി. ക്ലബ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**രക്തദാനം മഹാദാനം :** ബ്ലഡ് ഡൊണേഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ ഒന്നിന് രക്തദാനം മഹാദാനം എന്ന ആശയം വിദ്യാർത്ഥികളിൽ എത്തിക്കുവാനായി ബ്ലഡ് ഡൊണേഴ്സ് സംഘടനയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ ഒരു ബോധവത്കരണ വീഡിയോ നിർമ്മിച്ചു. പ്രസ്തുത വീഡിയോ അൽഫോൻസ കോളേജിന്റെ യൂട്യൂബ് ചാനലിൽ അന്നേ ദിവസം തന്നെ അപ്ലോഡ് ചെയ്തു.

## സൈക്കോളജി ഡിപ്പാർട്ട്മെന്റ്

ഒക്ടോബർ 6–ാം തിയ്യതി ലോക സെറിബ്രൽ പാൾസി ദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കി കൊണ്ടുള്ള പോസ്റ്റർ തയ്യാറാക്കി സൈക്കോളജി വിഭാഗം വാട്സാപ്പ് വഴി പ്രചരിപ്പിച്ചു. ലോക കാഴ്ച ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 8–ാം തിയ്യതി, രണ്ടാം വർഷ സൈക്കോളജി വിദ്യാർത്ഥിനി അധീന വിനോദ് സന്ദേശം നൽകി. യൂടൂബിലും, സൈക്കോളജി ഫേസ്ബുക്ക് പേജിലും, ഇൻസ്റ്റഗ്രാമിലും പ്രസിദ്ധീകരിച്ചു.

ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 10–ാം തിയ്യതി മാനസികാരോഗ്യം ഇന്ന് എവിടെ എത്തിനിൽക്കുന്നു എന്ന വിഷയത്തിൽ സൈക്കോളജി വിഭാഗം ഗസ്റ്റ് ലക്ചറർ മിസ്. അജീന ജോസഫ് ഒരു ലേഖനം

മനോരമ ഓൺലൈൻ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. കൂടാതെ സൈക്കോളജി വിഭാഗം മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് ചോദ്യോത്തര മത്സരം സംഘടിപ്പിച്ചു. മൂന്നാം വർഷ വിദ്യാർത്ഥിനികളായ അശ്വനി, ബതൂൽ, ഗോപിക, രണ്ടാം വർഷ വിദ്യാർത്ഥിനികളായ മീനുലക്ഷ്മി, സനുഷ എന്നിവരുടെ നേതൃത്വത്തിൽ മാനസികാരോഗ്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന സന്ദേശങ്ങൾ നൽകി.

"ഡെവലപ്മെന്റൽ ഡിസോർഡർ" എന്ന വിഷയത്തിൽ ഒക്ടോബർ 12-ാം തിയ്യതി പുത്തനങ്ങാടി, സെന്റ് മേരീസ് കോളേജ് സംഘടിപ്പിച്ച വെബിനാറിൽ മിസ്. അജീന ജോസഫ് ക്ലാസ്സെടുത്തു. ലോക ഭക്ഷ്യ ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 15-ാം തിയ്യതി രണ്ടാം വർഷ സൈക്കോളജി വിദ്യാർത്ഥിനി രമ്യ സി. അലക്സ് നൽകിയ സന്ദേശം സോഷ്യൽ മീഡിയയിലൂടെ പ്രസിദ്ധപ്പെടുത്തി.

**ഡിബേറ്റ് ക്ലബ്:** അൽഫോൻസ കോളേജിലെ ഡിബേറ്റ് ക്ലബ്, കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന പുതിയ കാർഷിക ബില്ല് - ഗുണമോ, ദോഷമോ? എന്ന വിഷയത്തെ മുൻനിർത്തി ഒക്ടോബർ 8-ാം തിയ്യതി ഡിബേറ്റ് നടത്തി. മൂന്നാം വർഷ ബി. എ. ഇംഗ്ലീഷ് വിദ്യാർത്ഥിനി അനീഷ എം. മോഡറേറ്ററായിരുന്നു. ക്ലബിലെ അംഗങ്ങളെല്ലാം സജീവമായി ഈ ഡിബേറ്റിൽ പങ്കെടുത്തു.

**പേപ്പർ പ്രസന്റേഷൻ പ്രോഗ്രാം :** കോളേജ് യൂണിയനും, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും സംയുക്തമായി പേപ്പർ പ്രസന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. സെപ്റ്റംബർ 26 മുതൽ 29 വരെ നടന്ന പ്രോഗ്രാം കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ ഉദ്ഘാടനം ചെയ്തു. 23 കുട്ടികൾ അവരുടെ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഫാ. ജിയോ മാത്യു, ഫാ. ജോർജ് മാത്യു, മി. സെബാസ്റ്റ്യൻ ചെറിയാൻ എന്നിവർ വിദ്യാർത്ഥികളുടെ അവതരണം വിലയിരുത്തി. മി. റോബിൻ ജോർജ്, മി. ബെർണാഡ് ജോസ് എന്നിവർ മോഡറേറ്റർമാർ ആയിരുന്നു.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# CAMP

താമരശ്ശേരി രൂപതയുടെ മാനസികാരോഗ്യ കേന്ദ്രമായ CAMPൽ ഒക്ടോബർ 1 മുതൽ 10 വരെ World Mental Health Week Celebration നോടനുബന്ധിച്ച് പൊതുജനങ്ങളുടെ മാനസികാരോഗ്യ സംരക്ഷണത്തിനുവേണ്ടി പത്ത് ദിവസത്തെ "Action for Happiness" Activity സംഘടിപ്പിച്ചു.

കോവിഡ്-19 Pandemic ന്റെ പശ്ചാത്തലത്തിൽ മാറി വരുന്ന മാനസിക സംഘർഷങ്ങളുടെ വളർച്ചയിൽ പ്രത്യേകിച്ചും Family Theraphy, Divorce Theraphy,

Marital Disters, Addition Management എന്നീ മേഖലകളിലും മറ്റ് മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും ഗുണപരമായ സേവനം നൽകുവാൻ CAMP ലെ മനശാസ്ത്രജ്ഞർക്ക് സാധിച്ചു.

തിരുവമ്പാടിയിലെ അൽഫോൻസ കോളേജിനോട് ചേർന്ന് ACT COVID-19 ന്റെ പശ്ചാത്തലത്തിൽ വിവിധ മാനസിക സംഘർഷങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് സൗജന്യമായി ഓൺലൈൻ കൗൺസിലിങ്ങ് നടത്തി വരുന്നു.

ഒക്ടോബർ മാസത്തിൽ കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി കോവിഡ്-19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ കുട്ടികളിലെ മാനസികാരോഗ്യത്തെക്കുറിച്ച് 3 ദിവസത്തെ Psychological Enhancement Training സംഘടിപ്പിച്ചു.

**ഫാ. മാത്യു തടത്തിൽ**
ഡയറക്ടർ, CAMP

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### കൗൺസിലിംഗ്

കോവിഡ് – 19 ന്റെ തീവ്രവ്യാപനമായതിനാൽ കൗൺസിലിംഗ് താല്കാലികമായി നിർത്തിയിരിക്കുന്നു.

ഡിപ്ലോ കോഴ്സുകളുടെ അഡ്മിഷൻ ക്ലോസ് ചെയ്തു.

### എം.എസി.സി കോഴ്സ്

എം.എസ്.സി രണ്ടാം ബാച്ചിലേയ്ക്കു അഡ്മിഷൻ ഈ മാസം തുടരും.

എല്ലാ ബാച്ചുകളുടെയും ഓൺലൈൻ ക്ലാസ്സുകൾ മുടക്കം കൂടാതെ തുടരുന്നു.

### ഓൺലൈൻ പ്രോഗ്രാമുകൾ

- Enpowerment Program അദ്ധ്യാപകർക്ക്
- Ongoing training – സിസ്റ്റേഴ്സിന് തുടങ്ങിയവ നടത്തുന്നു.

### വെബിനാർ : ലോകമാനസികാരോഗ്യദിനം ഒക്ടോബർ 10

ലോകമാനസികാരോഗ്യദിനത്തോടനുബന്ധിച്ച് ജെ.പി.ഐ. യുടെ ആഭിമുഖ്യത്തിൽ വെബിനാർ നടത്തുകയുണ്ടായി.

ഇന്നിന്റെ ലോകത്ത് നാലിലൊരാൾക്ക് ജീവിതത്തിൽ എപ്പോഴെങ്കിലുമൊക്കെ മാനസീകാരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരാണെന്നും, എല്ലാവർക്കും എല്ലായി

ടത്തും എപ്പോഴും മാനസീകാരോഗ്യം ഉറപ്പാക്കാൻ സർക്കാരുകൾ ഈ മേഖലയ്ക്ക് കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഡോ. സെബാസ്റ്റ്യൻ പുത്തേനച്ചൻ പറഞ്ഞു. ഡയറക്ടർ ഡോ. കുര്യൻ പുരമഠത്തിലച്ചൻ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി ഇരുന്നൂറിലേറെപേർ പങ്കെടുത്തു.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## Chennai IIT Admission

ചെന്നൈ IIT യിൽ സ്റ്റാർട്ടിന് അഞ്ചാമതൊരു അഡ്മിഷന്റെ തിളക്കം. കക്കയം ഇടവകയിൽനിന്നുള്ള ജുവാനിറ്റ റോസ് തോമസ് പുളിക്കീൽ എന്ന മിടുക്കിയാണ് അഭിമാനകരമായ ഈ വിജയം നേടിയത്. Humanities and Social Sciences Entrance Examination Board (HSEE) All India IIT തലത്തിൽ നടത്തിയ പരീക്ഷയിൽ ജനറൽ മെറിറ്റിൽ അഖിലേന്ത്യാതലത്തിൽ ആകെ 22 സീറ്റുകളാണുള്ളത്. ഇതിലൊരു സീറ്റാണ് ജുവാനിറ്റ കരസ്ഥമാക്കിയത്.

ഈ വർഷത്തെ ഒട്ടനവധിയായ പ്രതിസന്ധികളുടെ മദ്ധ്യത്തിലും കഠിനാധ്വാനത്തിലൂടെ ഇങ്ങനെ ഒരുവിജയം നേടിയ ജുവാനിറ്റക്ക് അഭിനന്ദനങ്ങൾ. അതോടൊപ്പം അവളുടെ മാതാപിതാക്കൾക്കും പരിശീലിപ്പിച്ച അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ!

## MTC Online Course

ഈ വർഷം Online ആയി നടന്നുവരുന്ന ഏകവത്സര ഉന്നത വിദ്യാഭ്യാസപരിശീലനം പ്രതീക്ഷകൾക്കൊത്തവണ്ണം വിജയകരമായിത്തന്നെ മുന്നോട്ടുപോകുന്നുണ്ട്. START Website വഴി ക്ലാസ്സുകളും ഹോംവർക്കുകളും പരീക്ഷകളും നൽകുന്നതോടൊപ്പം ടെലഫോൺ വഴിയും ഗൂഗിൾമീറ്റ് വഴിയും ആശയവിനിമയം നടത്താറുണ്ട്. ആവശ്യമായ കരിയർ ഗൈഡൻസും നൽകിവരുന്നു.

## Online Entrance Coaching for Post Graduation (English)

EFLU, JNU, Delhi University, Hyderabad, Pondicherry, CUCET,തുടങ്ങിയ Central Universityകൾ എന്നിവിടങ്ങളിലേക്ക് P G ഇംഗ്ലീഷ് അഡ്മിഷനുവേണ്ടി START ൽ 2020 നവംബർ ഒന്നു മുതൽ 2021 ഏപ്രിൽ 30 വരെ Online English Entrance Coaching നടത്തപ്പെടുന്നു. ഈ വർഷം ഡിഗ്രി മൂന്നാം വർഷം പഠിക്കുന്നവർക്കും ഡിഗ്രി

കഴിഞ്ഞവർക്കും അപേക്ഷിക്കാം. താല്പര്യമുള്ളവർഒക്ടോബർ 15 നു മുമ്പായി STARTൽ പേര് രജിസ്റ്റർ ചെയ്യുക. ഫോൺ 0495 2357843.

## Mini Master Online Course

ഓഗസ്റ്റ് ഒന്നു മുതൽ ആരംഭിച്ച മിനിമാസ്റ്റർ e-learning കോഴ്സിന്റെ കാലാവധി നേരത്തെ അറിയിച്ചതനുസരിച്ചു ഒക്ടോബർ 31 ന് അവസാനിക്കുകയാണ്. കോവിഡ് 19 ന്റെ പ്രതിസന്ധികളുണ്ടായിരുന്നിട്ടും പരിശീലനം വിജയകരമായി മുൻപോട്ടു പോകാൻ എല്ലാവരുടെയും സഹകരണംകൊണ്ട് സാധിച്ചു. സ്കൂൾ പഠനത്തിനിടയിലും സമയം കണ്ടെത്തി കഠിനാദ്ധ്വാനത്തോടെ ക്ലാസ്സിൽ പങ്കെടുത്ത കുട്ടികളെ പ്രത്യേകം അഭിനന്ദിക്കുന്നു. സഹകരിച്ച എല്ലാവരെയും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

മറ്റൊരു പ്രധാനകാര്യംകൂടി ശ്രദ്ധയിൽപെടുത്തുന്നു. കുട്ടികളുടെ മാതാപിതാക്കളിൽ ചിലർ ആവശ്യപ്പെട്ടതുപോലെ കോവിഡ് അപ്രതീക്ഷിതമായി നീണ്ടുപോകുന്നതുകൊണ്ട് ഈ കോഴ്സിന്റെ ഒരു അഡ്വാൻസ്ഡ് ലെവൽ കോഴ്സ് നടത്താൻ ആഗ്രഹിക്കുകയാണ്. രണ്ട് മാസമാണ് ഇപ്പോൾ ഉദ്ദേശിക്കുന്ന കോഴ്സ്കാലാവധി (Nov 15 - Jan 15). ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ് എന്നിവയാണ് പാഠ്യവിഷയങ്ങളായി ഉണ്ടാവുക. ഇപ്പോഴത്തേതിൽ നിന്ന് വ്യത്യസ്തമായി ഒന്നിടവിട്ട ദിവസങ്ങളിലായിരിക്കും വീഡിയോ ക്ലാസുകൾ അപ്ലോഡ് ചെയ്യുന്നത്. അല്ലാത്ത ദിവസങ്ങളിൽ ഗൃഹപാഠത്തിനായി വർക്ക്ഷീറ്റും നൽകുന്നതാണ്.

കൂടുതൽ കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. താല്പര്യമുള്ളവർ ഉടനെ മെസ്സേജ് ചെയ്യുകയോ വിളിക്കുകയോ ചെയ്യുമല്ലോ.

**ഫാ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# മലബാർ ലേബർ മൂവ്മെന്റ്

KCBC യുടെ നേതൃത്വത്തിൽ അസംഘടിതരായ തൊഴിലാളികൾക്കു വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (KLM). KLM ന്റെ ക്ഷേമ പദ്ധതികൾ താമരശ്ശേരി രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് (MLM) എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രസ്റ്റ് വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

### സുരക്ഷ പദ്ധതി

നമ്മുടെ രൂപതയിലുള്ള അസംഘടിതരായവർക്കു വേണ്ടിയുള്ള പദ്ധതിയാണിത്. സുരക്ഷ പദ്ധതിയിൽ അംഗമായ വ്യക്തി മരണമടയുമ്പോൾ നോമിനിയായ വ്യക്തിക്ക് 25,000 രൂപ ധനസഹായമായി നല്കുന്നു. പദ്ധതിയിൽ അംഗമായി ചേർന്ന് 6 മാസത്തിനു ശേഷമുള്ള സ്വാഭാവിക മരണത്തിനാണ് സഹായ ധനം ലഭിക്കുന്നത്. എന്നാൽ അപകട മരണമാണെ ങ്കിൽ 6 മാസ കാലാവധി ബാധകമല്ല. മരണ വിവരം ഇടവക വികാരിയച്ചൻ മുഖേന ഓഫീസിൽ അറിയിക്കുകയാണ് ചെയ്യേണ്ടത്. 60 വയസ്സിൽ താഴെ പ്രായമുള്ളവർക്കാണ് ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നത്. 60 വയസ്സിൽ താഴെ പ്രായമുള്ള രണ്ടോ അതിലധികമോ വ്യക്തികൾ ചേരുമ്പോൾ അവരുടെ 70 വയസ്സിൽ താഴെ പ്രായമുള്ള മാതാപിതാക്കളെയും ചേർക്കാവു ന്നതാണ്. ധനസഹായം ലഭിക്കുന്നതിന് ഒരു വ്യക്തി 200 രൂപയാണ് വാർഷിക സംഭാവനയായി നല്കേണ്ടത്. ഈ വർഷം ഡിസംബർ 20 നു മുമ്പ് അംഗങ്ങളായി ചേരുന്നവർക്കാണ് ജനുവരി ഒന്ന് മുതൽ ഡിസംബർ 31 വരെയുള്ള പദ്ധതിയിൽ അംഗത്വമുണ്ടാവുക. എല്ലാ വർഷവും ഡിസംബർ മാസത്തിൽ സംഭാവന നല്കിയാണ് പദ്ധതിയിൽ തുടരേണ്ടത്. പദ്ധതിയിൽ അംഗമായി തുടരുന്ന കാലം മുഴുവൻ സഹായത്തിന് അർഹത ഉണ്ടായിരി ക്കുന്നതുമാണ്. നിലവിൽ കെ.എൽ.എം അംഗമല്ലാത്ത വ്യക്തിയാണെങ്കിൽ ഒറ്റ തവണ 50 രൂപ മെമ്പർഷിപ്പ് ഫീസായി നല്കണം. അതിനോടൊപ്പം അംഗങ്ങളുടെ 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് 90% ത്തിൽ കൂടുതൽ മാർക്കുണ്ടെങ്കിൽ സ്കോളർഷിപ്പ് നല്കുന്നതാണ്.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്

## വികസനവേദി

### സ്തനാർബുദ അവബോധ മാസം

സ്തനാർബുദ അവബോധ മാസം അഥവാ പിങ്ക് മാസാചരണത്തിന്റെ ഭാഗമായി വിവിധ GVS കളുടെ നേതൃത്വത്തിൽ സ്തനാർബുദത്തെക്കുറിച്ചും അതു തടയാൻ ആവശ്യമായ മുൻകരുതലുകളെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും, കൂടുതൽ ആളുകളിലേക്ക് ഈ സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'ക്യാൻസറും ജീവിതശൈലിയും' എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ നിർമാണ മത്സരം സംഘടിപ്പിക്കുകയും ചെയ്തു.

### ഭക്ഷ്യ സമൃദ്ധി

ഭക്ഷ്യ സമൃദ്ധി പദ്ധതി പ്രകാരം ബാങ്ക് ഓഫ് ഇന്ത്യയിൽനിന്ന് 314 സംഘങ്ങൾക്ക് നൽകിയ 9,42,00,000 രൂപയുടെ കാർഷിക വായ്പ വിജയകരമായി പൂർത്തീകരിച്ചു.

### ഓറിയന്റേഷൻ പ്രോഗ്രാം

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ഓഫീസ് ജീവനക്കാർക്ക് ആശാകിരണം കാൻസർ കെയർ പ്രവർത്തനങ്ങളെക്കുറിച്ചും പുതിയ FCRA ഭേദഗതികളെക്കുറിച്ചും ഉള്ള ഓൺലൈൻ ഓറിയന്റേഷന് ക്ലാസുകൾ നടത്തി.

### മദർ തെരേസ IELTS

മദർ തെരേസ ട്രെയിനിങ് സെന്ററിൽ ഓൺലൈൻ IELTS & OET ക്ലാസുകൾ സജീവമായി പുനരാരംഭിച്ചു. ഇത്തവണ മദർ തെരേസ IELTS സെന്ററിൽനിന്നും പരിശീലനം നേടിയ 6 പേരും IELTS യോഗ്യത നേടി.

### SAFE Tailoring Unit

SAFE ടൈലറിങ് യൂണിറ്റ് വഴി ഹോസ്പിറ്റലുകൾക്കും വിദേശത്തു പോകുന്നവർക്കും ഓർഡർ അനുസരിച്ചു PPE കിറ്റുകൾ തയ്ച്ചു കൊടുക്കുന്നു.

ബന്ധപ്പെടേണ്ട നമ്പറുകൾ : 04952223022, 9745167726.

### കൊറോണ ഇൻഷുറൻസ്

കോവിഡ്19 വ്യാപകമായി പടരുന്ന സാഹചര്യത്തിൽ, സ്റ്റാർ ഹെൽത്ത് ഇൻഷുറൻസുമായി സഹകരിച്ചു രൂപതയിലെ വൈദികർക്കായി കൊറോണ കവച് ഇൻഷുറൻസ് പോളിസി നടപ്പാക്കി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447929223 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### കുടുംബ സുരക്ഷാ ഇൻഷുറൻസ്

കുടുംബ സുരക്ഷാ ഇൻഷുറൻസിൽ ഈ വർഷം അംഗങ്ങളായ 64 കുടുംബങ്ങൾക്ക് 8,77,908 രൂപയോളം കഴിഞ്ഞ മൂന്നു മാസങ്ങളിലായി നൽകുവാൻ സാധിച്ചു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# അജപാലനക്കുറിപ്പുകൾ

ഒക്ടോബർ 2020

01 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. റെമീജിയൂസിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

02 വൈകുന്നേരം, മഞ്ഞുവയൽ ഇടവകയിൽ ബഹു. ഡൊമിനിക് തൂങ്കുഴിയച്ചന്റെ പിതാവ് പരേതനായ മാത്യു തൂങ്കുഴിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

03 രാവിലെ ഓൺലൈനായി പ്രീകാനാ കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ക്ലാസ്സെടുത്തു.

05 രാവിലെ, തിരുവമ്പാടിയിൽ വച്ചു നടന്ന ആനക്കാംപൊയിൽ – കള്ളാടി – മേപ്പാടി തുരങ്കപാതയുടെ നിർമ്മാണോദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, ചേവായൂർ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

വൈകുന്നേരം, ചെലവൂർ സി.എസ്.ടി. പ്രൊവിഷ്യൽ ഹൗസിൽ നിര്യാതനായ ബഹു. തോമസ് ഒട്ടലാങ്കൽ സി.എസ്.ടി. അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുകയും ഒപ്പീസ് ചൊല്ലുകയും ചെയ്തു.

06 രാവിലെ, ഓൺലൈനായി നടത്തിയ കർഷക രക്ഷാസമിതിയുടെ മീറ്റിംഗിൽ സംബന്ധിച്ചു.

രൂപതാഭവനിൽ നടന്ന രൂപത കമ്യൂണിക്കേഷൻ മീഡിയ ഭാരവാഹികളുടെ യോഗത്തിൽ സംബന്ധിച്ചു.

കോഴിക്കോട് വെച്ചു നടന്ന ദീപിക ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്ത് വേണ്ട നിർദ്ദേശങ്ങൾ നൽകി.

ഈരൂട് വിയാനി വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ സന്ദർശിച്ചു.

07 പെരിന്തൽമണ്ണ മേഖലയിലെ മതാദ്ധ്യാപകരുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തി.

08 താമരശ്ശേരി മേഖലയിലെ മതാദ്ധ്യാപകരുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം, സീറോ മലബാർ സിനഡ് ഓൺലൈനായി സംഘടിപ്പിച്ച, ഇന്ത്യൻ ന്യൂൺഷ്യോ സ്ഥാനത്ത് നിന്ന് മാറിപ്പോകുന്ന അഭിവന്ദ്യ ജിയാംബറ്റിസ്റ്റ ഡികാത്രോ പിതാവിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

09 രാവിലെ, കരിങ്ങാട് ഇടവകയിൽ പരേതനായ മൈക്കിൾ തെക്കേക്കരമറ്റത്തിലിന്റെ 41–ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

പൂതംപാറ, പൊയിലോംചാൽ, ചാപ്പൻതോട്ടം, പശുക്കടവ് എന്നീ ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികരെ സന്ദർശിച്ചു.

വൈകുന്നേരം, തിരുവമ്പാടി മേഖലയിലെ മതാദ്ധ്യാപകരുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തി

10 രാവിലെ, താമരശ്ശേരി രൂപത യുവജനസംഘടനയുടെ നേതൃത്വത്തിൽ നടന്ന 'കേശദാന കാമ്പയിൻ' ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, തോട്ടുമുക്കം മേഖലയിലെ മതാദ്ധ്യാപകരുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തി

11 വിലങ്ങാട് മേഖലയിലെ മതാദ്ധ്യാപകരുടെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന 'ഇടയനോടൊപ്പം' എന്ന ഓൺലൈൻ പരിപാടിയിൽ കോട്ടക്കൽ ഇടവകാംഗംങ്ങളോടൊപ്പം പങ്കെടുത്തു.

12 രാവിലെ ഓൺലൈനായി നടത്തിയ പബ്ലിക് അഫയേഴ്സ് കമ്മിഷൻ മീറ്റിംഗിൽ പങ്കെടുത്തു.

സി.ഒ.ഡി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

ഓൺലൈനായി നടത്തിയ കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

13 രാവിലെ, ഓൺലൈനായി നടത്തിയ സീറോ മലബാർ സിനഡ് സെമിനാരി കമ്മീഷൻ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

14 രാവിലെ ഫൊറോന വികാരിമാരുമായി വീഡിയോ കോൺഫറൻസ് നടത്തി.

15 രാവിലെ, താമരശ്ശേരി ആരാധനസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഭവനത്തിൽ ആവിലായിലെ വി. അമ്മത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച വി. കുർബാനയർപ്പിച്ചു.

16 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 41–ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

17 രാവിലെ, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് യു.പി. സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിച്ചു.

പുഷ്പഗിരി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

18 രാവിലെ, വള്ളിയാട് ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

19 രാവിലെ, മേരിക്കുന്ന് എം.എസ്.ജെ. സന്യാസിനിസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഭവനത്തിൽ നിത്യവ്രത വാഗ്ദാന ചടങ്ങിൽ സംബന്ധിക്കുകയും ഏതാനും സന്യാസിനികളുടെ രജത-സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടന്ന ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

20 രാവിലെ, രൂപതാഭവനിൽ പ്രോ-ലൈഫ് എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളുമായി ചർച്ച നടത്തി.

21 രാവിലെ, രൂപതാഭവനിൽ ഫിലിപ്പ്നേരി സന്യാസിനിസമൂഹത്തിന്റെ ഇന്ത്യൻ പ്രാതിനിധ്യത്തെ രൂപതാ പദവിയിലുള്ള കോൺഗ്രിഗേഷനാക്കുന്നതിനെ സംബന്ധിച്ച് സന്യാസിനി സമൂഹ നേതൃത്വവുമായി ചർച്ച നടത്തി.

ഉച്ചകഴിഞ്ഞ്, വിലങ്ങാട്, മരുതോങ്കര ഫൊറോനകളിലെ വൈദികരുമായി വീഡിയോ കോൺഫറൻസ് നടത്തി.

വൈകുന്നേരം പനംപ്ലാവ് ഇടവകയിൽ പരേതനായ ജോസഫ് കുരുമ്പേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

22 രാവിലെ, ഈസ്റ്റ് ഹിൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

കരുവാരക്കുണ്ട്, പെരിന്തൽമണ്ണ ഫൊറോനയിലെ വൈദികരുടെ വീഡിയോ കോൺഫറൻസിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ ഭവനാംഗങ്ങളോടൊപ്പം മാസധ്യാനത്തിൽ സംബന്ധിച്ചു.

23 രാവിലെ, രൂപതാഭവനിൽ മാസധ്യാനത്തോടനുബന്ധിച്ച് ഭവനാംഗങ്ങളോടൊപ്പം വി. കുർബാനയർപ്പിച്ചു.

മലപ്പുറം ഫൊറോനയിലെ വൈദികരുടെ വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, കൂരാച്ചുണ്ട് ഫൊറോനയിലെ വൈദികരുടെ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

ഓൺലൈനായി നടത്തിയ ദീപിക അപ്പെക്സ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു.

ഈരൂട്, വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ സന്ദർശിച്ചു.

24 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

തിരുവമ്പാടി ഫൊറോനയിലെ വൈദികരുടെ വീഡിയോ കോൺഫറൻസിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ്, തോട്ടുമുക്കം ഫൊറോനയിലെ വൈദികരുടെ വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

വൈകുന്നേരം, പുതുപ്പാടിയിൽ ഫിലിപ്പ്നേരി സന്യാസിനീ സമൂഹത്തിന്റെ ഇന്ത്യൻ പ്രാതിനിധ്യത്തിന്റെ കേന്ദ്രഭവനത്തിൽ, രൂപതാപദവിയിലുള്ള കോൺഗ്രിഗേഷനാക്കുന്നതിനെ സംബന്ധിച്ച് സന്യാസിനി സമൂഹാംഗ ങ്ങളുമായി കൂടിക്കാഴ്ച നടത്തി.

25 രാവിലെ, കല്ലുരുട്ടി ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

26 രാവിലെ, താമരശ്ശേരി പ്രേഷിതാരാം കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

രൂപതാഭവനിൽ, ഒ.സി.ഡി. മലബാർ പ്രൊവിൻസിന്റെ നിയുക്ത പ്രൊവിൻഷ്യൽ ബഹു. ജേക്കബ് ഏറ്റുമാനൂക്കാരൻ ഒ.സി.ഡിയുമായി കൂടിക്കാഴ്ച നടത്തി.

കക്കാടംപൊയിലിൽ പുതിയ സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു.

വൈകുന്നേരം, കക്കാടംപൊയിൽ കുരിശുമലയിൽ സ്ഥാപിച്ച കുരിശിനെ അവഹേളിച്ചതിന്റെ പ്രതിഷേധമായി വിവിധ ക്രൈസ്തവ സംഘടനകൾ നടത്തിയ 'കാവൽ സമരം' ഉദ്ഘാടനം ചെയ്തു.

27 രാവിലെ, ചാവറ ഹോസ്പിറ്റൽ കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

പാറോപ്പടി ഫൊറോനയിലെ വൈദികരുടെ വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഫൊറോനയിലെ വൈദികരുടെ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

28 രാവിലെ, അൽഫോൻസഭവൻ കപ്പേളയിൽ ഡിഗ്രി പഠിക്കുന്ന വൈദികവിദ്യാർത്ഥികൾക്കായി വി. കുർബാനയർപ്പിച്ചു.

29 രാവിലെ, പാറോപ്പടി ദൈവാലയത്തിൽ എം.എസ്.ജെ. സന്യാസിനി സമൂഹത്തിലെ ഏതാനും സന്യാസിനികളുടെ പ്രഥമ വ്രതവാഗ്ദാനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, സീറോ മലബാർ രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

30 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

രൂപതാഭവനിൽ എം.എസ്.എം.ഐ. സന്യാസിനി സമൂഹത്തിന്റെ സന്യാസാർത്ഥിനികളെ സ്വീകരിച്ചു.

31 രാവിലെ, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ 101 ദിവസം നീണ്ടു നിന്ന അഖണ്ഡജപമാല സമർപ്പണത്തിന്റെ സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് കൂരാച്ചുണ്ട് ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ പൂക്കുളം അച്ചന്റെ ജ്യേഷ്ഠസഹോദരൻ, പരേതനായ ജോസഫ് പൂക്കുളത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

20 രാവിലെ, പടത്തുകടവ് ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കുകയും ചെയ്തു. നവീകരിച്ച വൈദികഭവനം വെഞ്ചരിച്ചു. തുടർന്ന്, മതബോധന അദ്ധ്യാപകരുമായി കൂടിക്കാഴ്ച നടത്തി.

21 രാവിലെ, വി. മത്തായി ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാഭവനിൽ നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

പെരുവണ്ണാമൂഴി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, കൽപ്പറ്റയിൽ മലബാർ വന്യജീവി സങ്കേത പ്രഖ്യാപനത്തിൽ കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികൾ ഉയർത്തിക്കാട്ടാൻ വിവിധ കർഷക സംഘടനകളുടെ നേതൃത്വത്തിൽ നടന്ന ഉപവാസ സമരം ഉദ്ഘാടനം ചെയ്തു.

22 രാവിലെ, രൂപതാ ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ ആരംഭിച്ച മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ ഉദ്ഘാടനത്തിലും പിന്നീട് ക്ലാസിലും സംബന്ധിച്ചു.

23 രാവിലെ, കാളികാവ് ഇടവകയിൽ പരേതനായ കൈക്കാരൻ ശ്രീ. ജോർജ്ജ് നെല്ലിക്കാനത്തിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

വാണിയമ്പലം, കൽക്കുണ്ട്, കരുവാരകുണ്ട് ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികരെ സന്ദർശിച്ചു.

24 തിരുവമ്പാടി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ പ്രവിശ്യാ സ്ഥാപനത്തിന്റെ രജത ജൂബിലിയും ഏതാനും സന്യാസിനികളുടെ സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്നതിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ വെച്ചു നടന്ന കർഷകരക്ഷ സമിതി മീറ്റിംഗിൽ സംബന്ധിച്ചു.

മഞ്ചേരിയിൽ കാർമ്മൽ ഡെന്റൽ കെയർ ക്ലിനിക്ക് വെഞ്ചരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

25 രാവിലെ രൂപതാഭവനിൽ മാസധ്യാനത്തിൽ പങ്കെടുത്ത വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം കുടുംബക്കൂട്ടായ്മകളുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലെ അംഗങ്ങളോടുമൊപ്പം ഓൺലൈനായി പങ്കെടുക്കുന്ന 'ഇടയനോടൊപ്പം ഇടവക' എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

26 വൈകുന്നേരം, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളുടെ വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

ഓൺലൈനായി നടത്തിയ തോട്ടുമുക്കം, മരുതോങ്കര മേഖലകളിലെ ദീപിക ഫ്രണ്ട്സ് ക്ലബ് ഭാരവാഹികളുടെ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

27 രാവിലെ, ബഥാനിയ ധ്യാനകേന്ദ്രത്തിൽ വി. വിൻസെന്റ് ഡി പോളിന്റെ തിരുനാളിനോടനുബന്ധിച്ച് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികളോടൊപ്പം വി. കുർബാന അർപ്പിച്ചു.

മുത്തപ്പൻപുഴ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

വൈകുന്നേരം, ഓൺലൈനിൽ കെ.സി.വൈ.എം. സംഘടിപ്പിച്ച യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു.

28 വൈകുന്നേരം, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളുടെ വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

29 രാവിലെ, പയ്യനാട് ഇടവകയിൽ ബഹു. തോമസ് ചുവപ്പുങ്കൽ അച്ചന്റെ പിതാവ് പരേതനായ ജോസഫ് ചുവപ്പുങ്കലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

30 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

താമരശ്ശേരി രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുമായി വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.





Pope Francis

# Fratelli tutti



**Love builds bridges: the Good Samaritan**

To many shadows, however, the Encyclical responds with a luminous example, a herald of hope: the Good Samaritan. The second chapter, "A stranger on the road", is dedicated to this figure. In it, the Pope emphasizes that, in an unhealthy society that turns its back on suffering and that is "illiterate" in caring for the frail and vulnerable (64-65), we are all called – just like the Good Samaritan – to become neighbours to others (81), overcoming prejudices, personal interests, historic and cultural barriers. We all, in fact, are co-responsible in creating a society that is able to include, integrate and lift up those who have fallen or are suffering (77). Love builds bridges and "we were made for love" (88), the Pope adds, particularly exhorting Christians to recognize Christ in the face of every excluded person (85). The principle of the capacity to love according to "a universal dimension" (83) is also resumed in the third chapter, "Envisaging and engendering an open world". In this chapter Francis exhorts us to go "'outside' the self" in order to find "a fuller existence in another" (88), opening ourselves up to the other according to the dynamism of charity which makes us tend toward "universal fulfilment" (95). In the background – the Encyclical recalls – the spiritual stature of a person's life is measured by love, which always "takes first place" and leads us to seek better for the life of the other, far from all selfishness (92-93).